സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിനപ്പുറം
പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 മെയ് 22 തിങ്കൾ | ptnizar@rediffmail.com | 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

മണിപ്പൂരിലെ ഇംഫാലിലെ ന്യൂലമ്പുലെയ്ൻ പ്രദേശത്തെ ഉപേക്ഷിക്കപ്പെട്ട വീടുകൾ അക്രമികൾ അഗ്നിക്കിരയാക്കിയപ്പോൾ

മണിപ്പൂരിൽ വീണ്ടും സംഘർഷം; സൈന്യം സ്ഥലത്തെത്തി, നിരോധനാജ്ഞ പ്രഖ്യാപിച്ചു

ഗുവാഹത്തി: മണിപ്പൂരിൽ വീണ്ടും സംഘർഷം. മണിപ്പൂർ തലസ്ഥാനമായ ഇംഫാലിനടുത്ത് മെയ്തി, കുകി എന്നീ ഗോത്രവിഭാഗങ്ങൾ തമ്മിലാണ് സംഘർഷമുണ്ടായത്. പ്രാദേശിക ചന്തയിലെ സ്ഥലത്തെ ചൊല്ലിയുള്ള വാക്കേറ്റം സംഘർഷത്തിൽ കലാശിക്കുകയായിരുന്നു.

സംഘർഷം പൊട്ടിപ്പുറപ്പെട്ടതോടെ സൈനിക-അർദ്ധ സൈനിക വിഭാഗങ്ങളെ വിന്യസിക്കുകയും പ്രദേശത്ത് വീണ്ടും നിരോധനാജ്ഞ പ്രഖ്യാപിക്കുകയും ചെയ്തു. ഇന്റർനെറ്റ് വിലക്ക് അഞ്ചു ദിവസം കൂടി തുടരുമെന്നും അധികൃതർ അറിയിച്ചു.

തിങ്കളാഴ്ച രാവിലെ 10.30-ഓടെയാണ് സംഘർഷമാരംഭിച്ചത്. കലാപകാരികൾ വീടുകൾ തീവെച്ചു നശിപ്പിച്ചു. സംഭവവുമായി ബന്ധപ്പെട്ട് മൂന്നു പേരെ പോലിസ് അറസ്റ്റു ചെയ്തു.

ഒരു മാസത്തോളമായി കലാപം തുടരുന്ന മണിപ്പൂരിൽ ജനജീവിതം സാധാരണ നിലയിലായി വരുന്നതിനിടെയാണ് വീണ്ടും കലാപമുണ്ടായത്.വിവിധ ഗോത്രവിഭാഗങ്ങൾ തമ്മിലുണ്ടായ സംഘർഷത്തിൽ ഇതുവരെ 74-ഓളം പേർ കൊല്ലപ്പെട്ടതായാണ് റിപ്പോർട്ട്.

എ.ഐ ക്യാമറ: പിഴയിൽ നിന്ന് വി.ഐ.പികളെ ഒഴിവാക്കില്ലെന്ന് മോട്ടോർ വാഹന വകുപ്പ്

ഇളവ് ബീക്കൺ ലൈറ്റ് ഘടിപ്പിച്ച വാഹനങ്ങൾക്ക് മാത്രം

പാലക്കാട്: നിയമലംഘനങ്ങൾ പിടികൂടാൻ ഒരുക്കിയ എ.ഐ ക്യാമറയുടെ പിഴയിൽ നിന്ന് വി.ഐ.പികളെ ഒഴിവാക്കില്ലെന്ന് മോട്ടോർ വാഹന വകുപ്പ് അറിയിച്ചു. വി.ഐ.പികളാണെങ്കിലും നിയമം ലംഘിച്ചാൽ പിഴ ഒടുക്കേണ്ടിവരുമെന്ന് മോട്ടോർ വാഹനവകുപ്പ് വിവരാവകാശ പ്രകാരം നൽകിയ മറുപടിയിൽ വ്യക്തമാക്കി. എന്നാൽ ഇത് സംബന്ധിച്ച് പ്രത്യേക വിജ്ഞാപനമിറക്കില്ലെന്നാണ് എം.വി.ഡി തീരുമാനം. വിവരാവകാശ പ്രവർത്തകൻ ബോബൻ മാട്ടുമന്ത ചോദിച്ച ചോദ്യങ്ങൾക്ക് മറുപടിയായാണ് വകുപ്പ് നിലപാട് വ്യക്തമാക്കിയത്. സംസ്ഥാനത്ത് സ്ഥാപിച്ച 732 എ.ഐ ട്രാഫിക് ക്യാമറകൾ വഴി ജൂൺ മാസം അഞ്ചു മുതൽ പിഴയീടാക്കാനാണ് തീരുമാനം. ഗതാഗതമന്ത്രി വിളിച്ച ഉന്നതതല യോഗത്തിലാണ് ഇത് സംബന്ധിച്ച് തീരുമാനമെടുത്തത്. നേരത്തെ ഈ മാസം 20 മുതൽ പിഴയീടാക്കുമെന്നറിയിച്ചിരുന്നെങ്കിലും ഇത് വീണ്ടും നീട്ടുകയായിരുന്നു. മെയ് അഞ്ച് മുതലാണ് ബോധവൽക്കരണ നോട്ടീസ് അയച്ച് തുടങ്ങിയത്. ഈ സാഹചര്യത്തിൽ ഒരു മാസം മുന്നറിയിപ്പ് നോട്ടീസ് നൽകിയ ശേഷം പിഴയീടാക്കി തുടങ്ങിയാൽ മതിയെന്ന് സർക്കാർ തീരുമാനം. ഇതിനുള്ളിൽ അന്വേഷണ റിപ്പോർട്ടുകൾ വരുമെന്ന നിഗമനത്തിലാണ് പിഴയീടാക്കുന്നത് നീട്ടാമെന്ന തീരുമാനമെന്നാണ് സൂചന. അനധികൃത പാർക്കിംഗിനാണ് ഏറ്റവും കുറഞ്ഞ പിഴത്തുക, അമിതവേഗം, സീറ്റ് ബെൽറ്റും- ഹെൽമറ്റും ധരിക്കാതെയുള്ള യാത്ര, ഡ്രൈവ് ചെയ്യുമ്പോഴുള്ള മൊബൈൽ ഉപയോഗം, രണ്ടുപേരിൽ കൂടുതൽ ഇരുചക്രവാഹനത്തിൽ യാത്ര ചെയ്യുന്നത്, റെഡ് ലൈറ്റ് മറികടക്കൽ എന്നിവയാണ് എ.ഐ ക്യാമറകൾ പിടികൂടുന്നത്. ട്രയൽ റൺ നടത്തിയപ്പോൾ പ്രതിദിനം 95,000 വരെ നിയമലംഘനങ്ങൾ കണ്ടെത്തിയിരുന്നു. ഇത്തരത്തിൽ നിയമലംഘനങ്ങൾ ആവർത്തിച്ചാൽ കോടികളാകും പിഴയിലൂടെ സർക്കാർ ഖജനാവിലേക്കെത്തുക. നിയമലംഘനം ക്യാമറ പിടികൂടിയാൽ ഉടൻ വാഹന ഉടമയുടെ മൊബൈലിലേക്ക് പിഴയടക്കാനുള്ള സന്ദേശമെത്തും. ഒരാഴ്ചക്കുള്ളിൽ പോസ്റ്റിലൂടെ ഇ- ചലാനുമെത്തും. 30 ദിവസത്തിനുള്ളിൽ പിഴ അടച്ചില്ലെങ്കിൽ മോട്ടോർ വാഹനവകുപ്പ് നോട്ടീസയച്ച് തുടർ നടപടികളിലേക്ക് കടക്കും. ഇരുചക്രവാഹനങ്ങളിൽ രക്ഷിതാക്കൾക്കൊപ്പം ഒരു കുട്ടി യാത്ര ചെയ്താലും പിഴ വീഴും. ബീക്കൺ ലൈറ്റ് ഘടിപ്പിച്ച വാഹനങ്ങൾക്ക് മാത്രമാണ് ഇളവുള്ളത്.

എസ്. എഫ്. ഐ ആൾമാറാട്ടം; പ്രിൻസിപ്പാളിനെ സസ്പെൻഡ് ചെയ്തു

ജി.ജെ ഷൈജു

തിരുവനന്തപുരം: കാട്ടാക്കട ക്രിസ്ത്യൻ കോളേജിലെ എസ്.എഫ്.ഐ ആൾമാറാട്ടത്തിന് കൂട്ടുനിന്ന പ്രിൻസിപ്പാളിനെ സസ്പെൻഡ് ചെയ്തു. അടിയന്തിരമായി പ്രിൻസിപ്പളിനെതിരേ നടപടിയെടുക്കണമെന്ന് സർവ്വകലാശാല ആവശ്യപ്പെട്ടതിനെ തുടർന്നാണ് കാട്ടാക്കട ക്രിസ്ത്യൻ കോളേജിലെ പ്രിൻസിപ്പാൾ ഡോ. ജി.ജെ ഷൈജുവിനെ കോളജ് മാനേജ്മെന്റ് സസ്പെൻഡ് ചെയ്തത്. പ്രിൻസിപ്പാളിനെതിരേ നടപടിയെടുത്തില്ലെങ്കിൽ കോളേജിന്റെ അഫിലിയേഷൻ റദ്ദാക്കുമെന്ന് സർവകലാശാല മുന്നറിയിപ്പ് നൽകിയതോടെയാണ് നടപടി. സർവകലാശാല യൂണിയൻ തിരഞ്ഞെടുപ്പിൽ യു.യു.സിയായി വിജയിച്ച പെൺകുട്ടിക്ക് പകരം എസ്.എഫ്.ഐ നേതാവ് വൈശാഖിന്റെ പേര് സർവകലാശലയിലേക്ക് നൽകി ആൾമാറാട്ടം നടത്തിയത് വലിയ വിവാദമായിരുന്നു. ഇതേ തുടർന്ന് കേരള സർവകലാശാല പ്രിൻസിപ്പാളിനും എസ്.എഫ്.ഐ നേതാവിനുമെതിരേ കടുത്ത നടപടിയുമായി മുന്നോട്ടു പോവുകയായിരുന്നു. ഇരുവർക്കുമെതിരേ സർവകലാശാല പോലിസ് കേസും കൊടുത്തിരുന്നു.

ഉപഭോക്തൃ വിവര കൈമാറ്റം; മെറ്റയ്ക്ക്

ലണ്ടൻ: ഫെയ്സ്ബുക്ക്, ഇൻസ്റ്റാഗ്രാം, വാട്സാപ്പ് ഉൾപ്പടെയുള്ള സേവനങ്ങളുടെ മാതൃസ്ഥാപനമായ മെറ്റയ്ക്ക് വൻ തുക പിഴ വിധിച്ച് അയർലണ്ട് ഡാറ്റാ പ്രൊട്ടക്ഷൻ കമ്മീഷണർ. യൂറോപ്യൻ ഉപഭോക്താക്കളുടെ വ്യക്തിഗത വിവരങ്ങൾ കൈകാര്യം ചെയ്യുന്നതുമായും അവ യു.എസിലേക്ക് കൊണ്ടുപോവുന്നതുമായും ബന്ധപ്പെട്ട് നൽകിയ നിർദേശങ്ങൾ പാലിക്കാത്തതിനെ തുടർന്നാണ് 130 കോടി ഡോളർ പിഴ വിധിച്ചത്. സ്വകാര്യതയുമായി ബന്ധപ്പെട്ട് യൂറോപ്പ് ചുമത്തിയ ഏറ്റവും വലിയ തുകയാണിത്. വിധിയ്ക്കെതിരേ അപ്പീൽ നൽകുമെന്ന് മെറ്റ പറഞ്ഞു. നീതീകരിക്കാനാവാത്തതും അനാവശ്യവുമാണ് ഈ പിഴയെന്നും കോടതി വഴി ശിക്ഷ സ്റ്റേ ചെയ്യാനുള്ള ശ്രമം നടത്തുമെന്നും മെറ്റ അറിയിച്ചു. അതിർത്തി കടന്നുള്ള വിവര കൈമാറ്റം സാധ്യമാവാതെ വന്നാൽ വിവിധ രാജ്യങ്ങളിൽ ഒരു പോലെ ലഭ്യമാക്കുന്ന സേവനങ്ങളിൽ പലതും നൽകാൻ സാധിക്കാതെ വരുമെന്നും അത് ഭീഷണികൾ വർധിപ്പിക്കുകയേ ചെയ്യുകയുള്ളൂവെന്നും മെറ്റ ചൂണ്ടിക്കാണിക്കുന്നു. യൂറോപ്യൻ യൂണിയനും യു.എസ് ഭരണകൂടവും കഴിഞ്ഞ വർഷം മാർച്ചിൽ അംഗീകാരം നൽകിയ പുതിയ ഡാറ്റാ പ്രൊട്ടക്ഷൻ ഫ്രെയിംവർക്ക് ജൂലൈയോടെ തയ്യാറായേക്കുമെന്ന് ഡി.പി.സി പറഞ്ഞു.

'2000 രൂപ നോട്ട് ഇറക്കിയത് ചില ലക്ഷ്യങ്ങളോടെ'; ആർ. ബി. ഐ

ഡൽഹി: ചില ലക്ഷ്യങ്ങളോടെയാണ് 2000 രൂപ നോട്ട് ഇറക്കിയതെന്നും അത് പൂർത്തിയായെന്നും റിസർവ് ബാങ്ക്. എല്ലാ നോട്ടുകളും തിരിച്ചെത്തുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ആർ.ബി.ഐ വ്യക്തമാക്കി. നോട്ട് മാറാൻ എത്തുന്നവർക്ക് ആവശ്യമായ സൗകര്യങ്ങളൊരുക്കാനും ബാങ്കുകളോട് ആർ.ബി.ഐ നിർദേശിച്ചു. നാളെ മുതൽ 2000 രൂപ നോട്ടുകൾ മാറ്റി നൽകുന്നതിന്റെ ഭാഗമായി ആർ.ബി.ഐ മാർഗനിർദേശങ്ങൾ ഇറക്കി. വെയിൽ ഏൽക്കാതെ ഉപഭോക്താക്കൾക്ക് നോട്ടുകൾ മാറാൻ ഷെൽട്ടർ സംവിധാനവും കുടിവെള്ളം സൗകര്യവും ഒരുക്കണം. നോട്ട് കൈമാറാൻ തിരിച്ചറിയൽ രേഖ വേണ്ട. എല്ലാ കൗണ്ടറുകളിൽ നിന്നും നോട്ടു മാറാൻ ബാങ്കുകൾ സംവിധാനമൊരുക്കണമെന്നും ആർ.ബി.ഐ ആവശ്യപ്പെട്ടു. ക്ലീൻ നോട്ട് പോളിസിയുടെ ഭാഗമായാണ് 2000 രൂപയുടെ നോട്ട് പിൻവലിക്കാൻ തീരുമാനിച്ചതെന്ന് ആർ.ബി.ഐ ഗവർണർ ശക്തികാന്ത ദാസ് അറിയിച്ചു.

സെപ്റ്റംബർ 30 വരെ 2000 രൂപ നോട്ടുകൾ നിക്ഷേപിക്കാനും മാറ്റാനും ആർ.ബി.ഐ ബാങ്കുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. പൗരന്മാർക്ക് 2000 നോട്ടുകൾ അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നിക്ഷേപിക്കാനോ അല്ലെങ്കിൽ ഏതെങ്കിലും ബാങ്ക് ശാഖയിൽ നിന്നും 2000ത്തിന് പകരം മറ്റ് മൂല്യങ്ങളുടെ ബാങ്ക് നോട്ടുകൾക്കായി മാറ്റിവാങ്ങാനും കഴിയും. ബാങ്ക് അക്കൗണ്ടുകളിലേക്ക് എത്ര രൂപ വരെ നിക്ഷേപിക്കാമെന്ന സംശയം ഉണ്ടാകാം. ഇത് സാധാരണ രീതിയിൽ, അതായത് നിയന്ത്രണങ്ങളില്ലാതെ, നിലവിലുള്ള നിർദ്ദേശങ്ങൾക്കും മറ്റ് ബാധകമായ നിയമപരമായ വ്യവസ്ഥകൾക്കും വിധേയമായി നടത്താം. അതായത് മുൻപ് നിക്ഷേപിച്ചിരുന്നത് പോലെ തന്നെ മാറ്റങ്ങളൊന്നും തന്നെ ഇല്ലാതെ നിക്ഷേപിക്കാമെന്ന് അർഥം.

കൈമാറ്റ പരിധി: 2023 മെയ് 23 മുതൽ ഏത് ബാങ്കിലും 2000 രൂപ നോട്ടുകൾ മറ്റ് മൂല്യങ്ങളുടെ ബാങ്ക് നോട്ടുകളാക്കി മാറ്റുന്നത് ഒരു സമയം 20,000 രൂപ വരെയാക്കാമെന്ന് ആർ.ബി.ഐ നിർദേശിച്ചിട്ടുണ്ട്.

ബിഷപ്പ് പാംപ്ലാനിയുടെ പ്രഭാഷണം; വിശദീകരണവുമായി താമരശ്ശേരി അതിരൂപത

കോഴിക്കോട്: ബിഷപ്പ് ജോസഫ് പാംപ്ലാനിയുടെ പ്രഭാഷണത്തെ ദുർവ്യാഖ്യാനം ചെയ്തെന്ന് അതിരൂപത വിശദീകരണക്കുറിപ്പിൽ പറഞ്ഞു. പാംപ്ലാനിയുടെ പ്രസംഗം വിവാദമായ സാഹചര്യത്തിലാണ് താമരശ്ശേരി അതിരൂപതയുടെ വിശദീകരണം. അനാവശ്യ വിവാദങ്ങൾ സൃഷ്ടിക്കുന്നവരുടെ നിക്ഷിപ്ത താൽപര്യങ്ങളെ പൊതുസമൂഹം തിരിച്ചറിയണമെന്നും, രക്തസാക്ഷികളെ ആദരിക്കുന്ന സംസ്കാരമാണ് സഭയുടേത് എന്നും രൂപത വാർത്താക്കുറിപ്പിൽ അറിയിച്ചു. 'കണ്ടവനോട് അനാവശ്യത്തിന് കലഹിക്കാൻ പോയി മരിച്ചവരാണ് രാഷ്ട്രീയ രക്തസാക്ഷികളെന്ന' രാഷ്ട്രീയ രക്തസാക്ഷികൾക്കെതിരേ നടത്തിയ പരാമർശമാണ് വിവാദമായത്. കണ്ണൂർ ചെറുപുഴയിൽ കെ.സി.വൈ.എം യുവജനോത്സവ വേദിയിലായിരുന്നു പാംപ്ലാനിയുടെ വിമർശനം. ആദരണീയനായ ഒരാളിൽനിന്ന് ഒരിക്കലും ഉണ്ടാവാൻ പാടില്ലാത്ത പ്രസ്താവനയാണ് അദ്ദേഹം നടത്തിയതെന്നും ഇ.പി ജയരാജൻ കുറ്റപ്പെടുത്തി. ബിഷപ്പിന്റെ പ്രസ്താവന ആർ.എസ്.എസിനെയും ബി.ജെ.പിയെയും ഉദ്ദേശിച്ചായിരിക്കും എന്നായിരുന്നു സി.പി.എം കണ്ണൂർ ജില്ലാ സെക്രട്ടറി എം.വി ജയരാജന്റെ പ്രതികരണം.

വിദ്യാസമ്പന്നരും അധ്വാനശീലരുമാണ് മലയാളികൾ: പ്രശംസിച്ച് ഉപരാഷ്ട്രപതി

തിരുവനന്തപുരം: മലയാളികൾ വിദ്യാസമ്പന്നരും അധ്വാനശീലരുമാണെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ. താനും അതിന്റെ ഗുണഭോക്താവാണെന്ന് സൈനിക സ്കൂളിൽ തന്നെ പഠിപ്പിച്ച മലയാളി അധ്യാപകയെ അനുസ്മരിച്ച് ജഗ്ദീപ് ധൻകർ വ്യക്തമാക്കി. നിയമസഭ മന്ദിരം രജതജൂബിലി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്നലെയാണ് ഉപരാഷ്ട്രപതി കേരളത്തിലെത്തിയത്. നിയമസഭാ മന്ദിരത്തിന്റെ രജതജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്തശേഷം കണ്ണൂരിലേക്കു പോകും. കണ്ണൂർ വിമാനത്താവളത്തിൽ നിന്നു തലശ്ശേരിയിലേക്കു പോകുന്ന ഉപരാഷ്ട്രപതി, അവിടെ തന്റെ അധ്യാപികയായിരുന്ന രത്ന നായരെ സന്ദർശിക്കും. വിമാനത്താവളത്തിൽ തിരികെയെത്തിയ ശേഷം ഹെലികോപ്റ്ററിൽ ഏഴിമല നാവിക അക്കാദമിയിലേക്കു പോകും. 6.20ന് ഡൽഹിക്ക് മടങ്ങും. കേരള നിയമസഭ മന്ദിരം മലയാളികളുടെ ഉയർന്ന ജനാധിപത്യ ചിന്തയുടെ പ്രതിരൂപം കൂടിയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മമ്മൂട്ടിയോടും മോഹൻലാലിനോടും മതിപ്പുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കെ. എസ്. ആർ. ടി. സി ബസുകളിൽ 2000 രൂപ നോട്ടുകൾ സ്വീകരിക്കുമെന്ന് മാനേജ്മെന്റ്

തിരുവനന്തപുരം: ആർ.ബി.ഐ പിൻവലിച്ച 2000 രൂപയുടെ നോട്ടുകൾ റിസർവ് ബാങ്ക് നിർദേശിച്ച തീയതി വരെ സ്വീകരിക്കുമെന്ന് കെ.എസ്. ആർ.ടി.സി. എല്ലാ യൂണിറ്റുകൾക്കും കണ്ടക്ടർമാർക്കും ടിക്കറ്റ് കൗണ്ടർ ജീവനക്കാർക്കും നിർദേശം നൽകിയതായി കെ.എസ്.ആർ.ടി.സി മാനേജ്മെന്റ് അറിയിച്ചു. 2000 രൂപ നോട്ടുകൾ സ്വീകരിക്കില്ലെന്ന രീതിയിൽ പ്രചരിക്കുന്ന വാർത്തകളും അറിയിപ്പുകളും വാസ്തവവിരുദ്ധമാണ്. നോട്ടുകൾ സ്വീകരിക്കരുത് എന്ന യാതൊരു നിർദേശവും നൽകിയിട്ടില്ല. നോട്ടുകൾ സ്വീകരിക്കാത്ത പരാതികൾ വന്നാൽ ഉത്തരവാദികൾക്കെതിരേ കർശന നടപടികൾ സ്വീകരിക്കുമെന്നും മാനേജ്മെന്റ് വ്യക്തമാക്കി.2000 രൂപ നോട്ടുകൾ പിൻവലിച്ചതിന് പിന്നാലെ ഇനി നോട്ടുകൾ കെ.എസ്.ആർ.ടി.സി സ്വീകരിക്കില്ലെന്ന രീതിയിൽ തെറ്റായ വാർത്തകൾ പ്രചരിക്കുന്നത് ശ്രദ്ധയിൽപെട്ടതിനെ തുടർന്നാണ് വ്യക്തത വരുത്തുന്നതെന്നും മാനേജ്മെന്റ് അറിയിച്ചു.

പാർലമെന്റ് മന്ദിരത്തിന്റെ ഉദ്ഘാടനം; രൂക്ഷ വിമർശനവുമായി ഖാർഗെ

ന്യൂഡൽഹി: പുതിയ പാർലമെന്റ് മന്ദിരത്തിന്റെ ഉദ്ഘാടന ചടങ്ങിലേക്ക് രാഷ്ട്രപതി ദ്രൗപതി മുർമുവിനെയും മുൻ രാഷ്ട്രപതി രാം നാഥ് കോവിന്ദിനെയും ക്ഷണിക്കാത്തതിൽ രൂക്ഷവിമർശനവുമായി കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ. ബി.ജെ.പി സർക്കാർ ഭരണഘടനാപരമായ ഔചിത്യങ്ങളോട് തുടർച്ചയായി അനാദരവ് കാണിക്കുന്നുവെന്ന് കുറ്റപ്പെടുത്തിയ ഖാർഗെ, ബി.ജെ.പി-ആർ.എസ്.എസ് സർക്കാരുകൾക്ക് കീഴിൽ രാഷ്ട്രപതിയുടെ ഓഫീസ് നോക്കുകുത്തിയായി മാറിയെന്നും കുറ്റപ്പെടുത്തി. മുൻ രാഷ്ട്രപതി രാം നാഥ് കോവിന്ദിനെയും പാർലമെന്റിന്റെ ഉദ്ഘാടന ചടങ്ങിലേക്ക് ക്ഷണിച്ചില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. പാർലമെന്റ് രാജ്യത്തിന്റെ ഏറ്റവും വലിയ ജനാധിപത്യ സ്ഥാപനമാണെന്നും രാഷ്ട്രപതി സർക്കാരിന്റെ മാത്രമല്ല പ്രതിപക്ഷത്തിന്റെയും രാജ്യത്തെ ഓരോ പൗരന്റെയും പ്രതിനിധിയാണെന്നും മല്ലികാർജുൻ ഖാർഗെ പറഞ്ഞു.പുതിയ പാർലമെന്റ് മന്ദിരം രാഷ്ട്രപതിയാണ് ഉദ്ഘാടനം ചെയ്യുന്നത് എങ്കിൽ അത് ജനാധിപത്യ മൂല്യങ്ങളോടും ഭരണഘടനാപരമായ ഔചിത്യത്തോടുമുള്ള സർക്കാരിന്റെ ആത്മാർത്ഥത ഉറപ്പുവരുത്തുമെന്നും അദ്ദേഹം കൂട്ടിചേർത്തു. ഇതിനോടകം തന്നെ നിരവധി പ്രതിപക്ഷ പാർട്ടികളും നേതാക്കളും പ്രധാനമന്ത്രി നരേന്ദ്ര മോദി പാർലമെന്റ് മന്ദിരം ഉദ്ഘാടനം ചെയ്യുന്നതിനെ ചോദ്യം ചെയ്ത് രംഗത്തെത്തിയിട്ടുണ്ട്. ലോക്സഭാ സെക്രട്ടറിയേറ്റിന്റെ അറിയിപ്പ് പ്രകാരം സവർക്കറുടെ ജന്മദിനമായ മെയ് 28നാണ് പുതിയ പാർലമെന്റ് മന്ദിരം രാജ്യത്തിന് സമർപ്പിക്കുന്നത്.

അടുത്ത അഞ്ച് ദിവസങ്ങളിൽ ശക്തമായ കാറ്റിനും ഇടിമിന്നലോട് കൂടിയ മഴയ്ക്കും സാധ്യത

തിരുവനന്തപുരം: കേരളത്തിൽ മെയ് 22 മുതൽ 26വരെ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. വരും ദിവസങ്ങളിൽ 40 കി.മീ വരെ വേഗതയിൽ വീശിയേക്കാവുന്ന ശക്തമായ കാറ്റിനും സാധ്യത.

ഇന്ന് കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തമായ മഴക്ക് സാധ്യതയുണ്ട്.മനുഷ്യന്റെയും മൃഗങ്ങളുടെയും ജീവനും വൈദ്യുത-ആശയ വിനിമയ ശൃംഖലകൾക്കും വൈദ്യുത ചാലകങ്ങളുമായി ബന്ധിപ്പിച്ചിട്ടുള്ള വീട്ടുപകരണങ്ങൾക്കും വലിയ നാശനഷ്ടം സൃഷ്ടിക്കാവുന്ന തരത്തിൽ അപകടകാരികളാണ് ഇടിമിന്നൽ.

ആയതിനാൽ പൊതുജനങ്ങൾ മുൻകരുതലുകൾ കാർമേഘം കണ്ട് തുടങ്ങുന്ന സമയം മുതൽ തന്നെ സ്വീകരിക്കേണ്ടതാണ്.

* പൊതുജനങ്ങൾ പകൽ 11 മണി മുതൽ മൂന്ന് മണി വരെയുള്ള സമയത്ത് നേരിട്ട് ശരീരത്തിൽ കൂടുതൽ സമയം തുടർച്ചയായി സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കുക.
* ജലം പാഴാക്കാതെ ഉപയോഗിക്കാനും വേനൽ മഴ ലഭിക്കുമ്പോൾ പരമാവധി ജലം സംഭരിക്കാനുമുള്ള നടപടികൾ സ്വീകരിക്കണം. നിർജലീകരണം തടയാൻ കുടിവെള്ളം എപ്പോഴും ഒരു ചെറിയ കുപ്പിയിൽ കൈയ്യിൽ കരുതുക.
* പരമാവധി ശുദ്ധജലം കുടിക്കുക. ദാഹമില്ലെങ്കിലും വെള്ളം കുടിക്കുന്നത് തുടരുക.

നിർജലീകരണമുണ്ടാക്കുന്ന മദ്യം, കാപ്പി, ചായ, കാർബണേറ്റഡ് സോഫ്റ്റ് ഡ്രിങ്കുകൾ തുടങ്ങിയ പാനീയങ്ങൾ പകൽ സമയത്ത് ഒഴിവാക്കുക.

* അയഞ്ഞ, ഇളം നിറത്തിലുള്ള പരുത്തി വസ്ത്രങ്ങൾ ധരിക്കുക.
* പുറത്തിറങ്ങുമ്പോൾ പാദരക്ഷകൾ ധരിക്കുക. കുടയോ തൊപ്പിയോ ഉപയോഗിക്കുന്നത് ഉചിതമാണ്.
* വേനൽ ചൂട് അധികരിക്കുന്ന സാഹചര്യത്തിൽ കാട്ടുതീ വ്യാപിക്കാനുള്ള സാധ്യതയുണ്ട്. വനമേഖലയോട് ചേർന്ന് താമസിക്കുന്നവരും വിനോദ സഞ്ചാരികളും പ്രത്യേകം ജാഗ്രത പാലിക്കണം. കാട്ടുതീ ഉണ്ടാകാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കണം. വനം വകുപ്പിന്റെ നിർദേശങ്ങൾ കർശനമായി പാലിക്കണം.

ഷഹബാസിന്റെ ശബ്ദം ശ്രവിക്കാൻ കൃഷ്ണ കുമാറും; ചേർത്തുപിടിച്ച് ഗായകൻ

■ ചെമ്പകശ്ശേരി ചന്ദ്രബാബു

കൊല്ലം: എന്റെ കേരളം പ്രദർശനത്തിന്റെ ഭാഗമായി ആശ്രാമം മൈതാനയിൽ ഷഹബാസ് അമൻ പാടുമ്പോൾ അദ്ദേഹത്തിന്റെ ശബ്ദം ശ്രവിക്കാൻ സംഗീതം പോലെ മറ്റൊരു ജീവിതം കൂടി സാക്ഷിയായിരുന്നു. ചവറ സ്വദേശിയായ കൃഷ്ണകുമാർ. മസ് കുലാർഡിസ്ട്രോഫി രോഗം ബാധിച്ച് കിടക്കയിലായ കൃഷ്ണകുമാർ തന്റെ ഇഷ്ട ഗായകനെ കാണുവാൻ വ്യഗ്രതയിലായിരുന്നു ചലനങ്ങൾ നിന്നു പോയ ജീവിതത്തെ മനസ്സിന്റെ തൃഷ്ണ കൊണ്ട് ജീവിതം മാറ്റിമറിച്ച അനുഭവമാണ് കൃഷ്ണ കുമാറിന്റേത്.

1. 'എന്റെ കേരളം' പ്രദർശനത്തിന്റെ ഭാഗമായി ആശ്രാമം മൈതാനത്തിൽ ഷഹബാസ് അമൻ അവതരിപ്പിച്ച സംഗീത പരിപാടിയിൽ നിന്ന്
2. തന്റെ ആരാധകനായ കൃഷ്ണകുമാറിനൊപ്പം ഷഹബാസ് അമൻ

എഴുത്ത്, സംഗീതം, വായന, യാത്ര.... അങ്ങനെ മതിൽ കെട്ടുകൾ ഇല്ലെന്ന് കരുതിയ കൃഷ്ണ കുമാറിന്റെ ജീവിതത്തിൽ ഇഷ്ടങ്ങളുടെ കൂട്ടിന് വേഗതയുണ്ട്. ആ സാക്ഷാത്കാരത്തിന്റെ തെളിമയായിട്ടാണ് ഏറെ പ്രിയപ്പെട്ട ഗായകനെ കാണുവാൻ എത്തിയത്. ഷഹബാസ് അമനോടുള്ള ആരാധന അത്ര കടുത്തതാണ്. ഇത്രയും സ്നേഹമുള്ള മറ്റൊരു ആരാധകനും ഉണ്ടാവില്ലെന്ന് സാക്ഷ്യം പറഞ്ഞു ഷഹബാസ് അമൻ. പിന്നെ അവർ ഒരുമിച്ച് ചിന്തയുടെ താളങ്ങൾ പങ്ക് വച്ചു. പ്രിയപ്പെട്ട ഗായകന്റെ പാട്ടുകൾ കൃഷ്ണകുമാർ കേട്ടിരുന്നു. കൃഷ്ണകുമാർ പറയുന്നതിങ്ങനെ: 'ഏറ്റവും സ്നേഹം എന്നോടാണ്. പിന്നെ, ഞാൻ സ്നേഹിക്കുന്ന ഓരോന്നിനോടും ഒരിക്കലും അവസാനിക്കാത്ത ഷഹബാസ് അമന്റെ പാട്ടുകൾ പോലെ ജീവിതത്തോടും'.

'ആ വേർപാട് മനസിലേൽപ്പിച്ച ആഘാതം ഇപ്പോഴും വിട്ടുമാറുന്നില്ല'; നെഞ്ച് പൊള്ളിക്കുന്ന കുറിപ്പുമായി ശൈലജ ടീച്ചർ

കണ്ണൂർ: നിപ്പ വൈറസ് ബാധിച്ചവരെ ശുശ്രൂഷിക്കുന്നതിനിടെ രോഗം ബാധിച്ച് മരിച്ച സിസ്റ്റർ ലിനിയെ അനുസ്മരിച്ച് മുൻ ആരോഗ്യ മന്ത്രി കെ.കെ ശൈലജ ടീച്ചർ. ലിനിയുടെ വേർപാട് മനസിലേൽപ്പിച്ച ആഘാതം ഇപ്പോഴും വിട്ടുമാറുന്നില്ലെന്ന് കെ.കെ ശൈലജ ഫേസ്ബുക്കിൽ കുറിച്ചു. ആരോഗ്യ പ്രവർത്തനത്തിനിടയിൽ സ്വന്തം ജീവൻ പോലും അവഗണിച്ചു കൊണ്ട് മറ്റുള്ളവരുടെ ജീവൻ രക്ഷിക്കാൻ ശ്രമിക്കുന്ന ആരോഗ്യ

പ്രവർത്തകരുടെ ത്യാഗത്തിന്റെ ഉദാഹരണമാണ് സിസ്റ്റർ ലിനി. നിപ്പ വൈറസ് ബാധയെ ചെറുത്ത് തോൽപ്പിക്കുന്നതിന് നാം ഒറ്റക്കെട്ടായി പരിശ്രമിക്കുകയും ലോകം തന്നെ ശ്രദ്ധിച്ച വിജയം നേടുകയും ചെയ്തു. ചുരുങ്ങിയ ദിവസത്തിനുള്ളിൽ ഏറെ പകർച്ച ശേഷിയും മരണ നിരക്കുമുള്ള ഒരു വൈറസിനെ കേരളം കീഴ്പ്പെടുത്തി എന്നത് അന്താരാഷ്ട്ര തലത്തിൽ പോലും നമ്മളെ അംഗീകരിക്കുന്ന പ്രവർത്തനമായി മാറിയിരുന്നു. എത്രയും പെട്ടെന്ന് തന്നെ വൈറസിനെ കണ്ടെത്താൻ കഴിഞ്ഞു എന്നതായിരുന്നു നൂറുകണക്കിനാളുകൾ മരിച്ചു പോകാതെ മനുഷ്യരുടെ ജീവൻ രക്ഷിക്കാൻ നമ്മെ പ്രാപ്തമാക്കിയ കാര്യമെന്ന് ശൈലജ ടീച്ചർ പറഞ്ഞു.

സംസ്ഥാനത്ത് താപനില ഉയരുന്നു; മുന്നറിയിപ്പുമായി കേന്ദ്ര കാലാവസ്ഥ വകുപ്പ്

തിരുവനന്തപുരം: സംസ്ഥാനത്ത് താപനില ഉയരുന്ന സാഹചര്യത്തിൽ മുന്നറിയിപ്പ് നൽകി കേന്ദ്ര കാലാവസ്ഥ വകുപ്പ്. കനത്ത ചൂടും ഈർപ്പമുള്ള വായുവും കാരണം മലയോര പ്രദേശങ്ങൾ ഒഴികെയുള്ള ജില്ലകളിൽ ചൂട് നിറഞ്ഞ കാലാവസ്ഥ തുടരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. 8 ജില്ലകളിൽ ഉയർന്ന താപനില മുന്നറിയിപ്പായ യെല്ലോ അലേർട്ട് പുറപ്പെടുവിച്ചു. കോഴിക്കോട് ഉയർന്ന താപനില 37°C വരെയും കൊല്ലം, കണ്ണൂർ, പാലക്കാട് ജില്ലകളിൽ 36°C വരെയും,തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ ജില്ലകളിൽ 35°C വരെയും താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.ഈ ജില്ലകളിൽ സാധാരണയെക്കാൾ 2ºഇ മുതൽ 4ºഇ വരെ താപനില ഉയർന്നേക്കുമെന്നാണ് മുന്നറിയിപ്പ്. ചൂട് വർധിക്കുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ ജാഗ്രത നിർദേശങ്ങൾ പാലിക്കണമെന്ന് ദുരന്തനിവാരണ അതോറിറ്റി വ്യക്തമാക്കി. അതേ സമയം സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ വേനൽ മഴ തുടരാൻ സാധ്യതയുള്ളതായും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

നാഷണൽ പ്രോഗ്രസ്സീവ് പാർട്ടി ജില്ലാ നേതൃയോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന പാർട്ടി ചെയർമാൻ വി.വി അഗസ്റ്റിൻ

കർഷകരുടെ രക്ഷക്ക് സർക്കാരുകൾ അടിയന്തിര നടപടികൾ സ്വീകരിക്കണം വി.വി അഗസ്റ്റിൻ

കോഴിക്കോട്: സംസ്ഥാന ജനസംഖ്യയിലെ 70% വരുന്ന കർഷകർ വിളകൾക്ക് ന്യായവില ലഭിക്കാത്തതിനാൽ കടുത്ത പ്രതിസന്ധിയിലാണെന്നും അവരെ രക്ഷിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അടിയന്തിരമായി ഇടപെടണമെന്നും നാഷണൽ പ്രോഗ്രസ്സീവ് പാർട്ടി ചെയർമാൻ വി.വി അഗസ്റ്റിൻ പറഞ്ഞു. നാഷണൽ പ്രോഗ്രസ്സീവ് പാർട്ടി ജില്ലാ നേതൃയോഗം ഉൽഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. റബ്ബർ, നാളികേര, നെല്ല് കർഷകരും ഉൽപ്പന്നങ്ങൾക്ക് വില ലഭിക്കാത്തതിനാൽ ആത്മഹത്യയുടെ വക്കിലാണ്. വിളകൾക്ക് ന്യായമായ താങ്ങുവില പ്രഖ്യാപിച്ച് സർക്കാർ സംഭരണം നടപ്പാക്കണം. കർഷക, യുവജന, തൊഴിലാളി, തീരദേശ ജനങ്ങൾ, ചെറുകിട കച്ചവടക്കാർ അടക്കമുള്ള എല്ലാ വിഭാഗം ജനങ്ങളുടെയും ഉന്നമനത്തിന് വേണ്ടിയാണ് നാഷണൽ പ്രോഗ്രസ്സീവ് പാർട്ടി രൂപീകരിച്ചതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. അഡ്വ. ജോണി നെല്ലൂർ(വർക്കിംഗ് ചെയർമാൻ) അധ്യക്ഷത വഹിച്ചു. നാഷണൽ പ്രോഗ്രസ്സീവ് പാർട്ടി ബി.ജെ.പിയുടെ ബി ടീമല്ലെന്ന് അദ്ദേഹം പറഞ്ഞു. വൈസ് ചെയർമാന്മാരായ മാത്യു സ്റ്റീഫൻ(എക്സ് എം.എൽഎ), ലൂയിസ് കെ.ഡി, ജനറൽ സെക്രട്ടറിമാരായ സുഗതൻ സി.പി, തമ്പി എരുമേലിക്കര, സണ്ണി തോമസ് ആശംസകൾ നേർന്നു. ജന.സെക്രട്ടറി അഡ്വ.ജോയ് എബ്രഹാം സ്വാഗതവും ഡോ. ജോർജ്ജ് എബ്രഹാം താളനാനി നന്ദിയും പറഞ്ഞു.

സർഗ്ഗാത്മക കൃതികളുടെ വിവർത്തനം ഏകലവ്യ സാധന: ഡോ. ആർസു

കോഴിക്കോട്: സർഗ്ഗാത്മക കൃതികളുടെ വിവർത്തനം ഏകലവ്യന്റെ സാധന പോലെയാണെന്നും എന്നാൽ മുൻനിര പബ്ലിഷേഴ്സ് അടക്കം വിവർത്തകരെ അവഗണിക്കുകയാണെന്ന് ബഹുഭാഷാ പണ്ഡിതനും എഴുത്തുകാരനുമായ ഡോ.ആർസു പറഞ്ഞു. വിവർത്തനം പ്രൊഫഷണലും ഡെയ്‌ലി വേജസുമാകുമ്പോൾ എഴുത്തുകാരന്റെ അഗാധമായ എഴുത്തിന്റെ മാനം കണ്ടെത്താനാകില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഭാഷാ സമന്വയ വേദി സംഘടിപ്പിച്ച മലയാള കൃതികളുടെ ഉത്തരേന്ത്യൻ സഞ്ചാരം സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വിവർത്തകന്റെ ചോരയും വിയർപ്പും പലപ്പോഴും കാണാതെ പോകുകയാണ്. ഭാരതീയത വളർത്തുന്നത് രാഷ്ട്രീയക്കാരോ ഭരണ കർത്താക്കളോ മാത്രമല്ല. രാജ്യത്തെ വ്യത്യസ്ത ഭാഷകളിലെഴുതുന്ന എഴുത്തുകാരാണ്. മലയാളത്തിലെ കൃതികൾ വേണ്ടത്ര മറ്റു ഭാഷകളിലേക്ക് തർജ്ജമ ചെയ്യപ്പെടുന്നില്ല. നമ്മുടെ മഹത്തായ രചനകൾ

ഭാഷാ സമന്വയ വേദി സംഘടിപ്പിച്ച മലയാള കൃതികളുടെ ഉത്തരേന്ത്യൻ സഞ്ചാരം സെമിനാറിൽ സംസാരിക്കുന്ന ഡോ.ആർസു

ഭാരതീയ വായനക്കാരിലേക്കെത്തണം.

സാംസ്കാരികപരമായ അമാവാസിയല്ല പൗർണ്ണമിയാണ് വിവർത്തനമെന്നും കേരളം വിവർത്തന സാഹിത്യത്തിൽ വളരുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സെമിനാർ പ്രശസ്ത എഴുത്തുകാരൻ വി.ആർ.സുധീഷ് ഉദ്ഘാടനം ചെയ്തു. ടി.ഡി. രാമകൃഷ്ണന്റെ നോവൽ 'അന്ധർ- ബധിരർ- മൂകർ' ഡോ. അജിത മേനോൻ ഹിന്ദിയിലേക്ക് പരിഭാഷപ്പെടുത്തിയത് ചടങ്ങിൽ പ്രകാശനം ചെയ്തു.

ഡോ.പി.കെ.രാധാമണി അധ്യക്ഷത വഹിച്ചു. ഡോ. ആർസുവിൽ നിന്ന് ടി.ഡി. രാമകൃഷ്ണൻ പ്രഥമ പ്രതി ഏറ്റുവാങ്ങി. ഡോ.ആസാദ്, ഡോ.ഇന്ദുലേഖ സംസാരിച്ചു. ഡോ. അജിത മേനോൻ വിവർത്തനാനുഭവങ്ങൾ പങ്കുവെച്ചു. വേലായുധൻ പള്ളിക്കൽ സ്വാഗതവും കെ.എം വേണുഗോപാൽ നന്ദിയും പറഞ്ഞു.

സിലബസ് മാറ്റം: മയ്യഴി വിദ്യാഭ്യാസ മേഖല ആശങ്കയിൽ

മാഹി: വിദ്യാഭ്യാസ മേഖലയിൽ ഒറ്റയടിക്ക് സി.ബി.എസ്.ഇ പാഠ്യപദ്ധതി നടപ്പിലാക്കുന്നതിൽ രക്ഷിതാക്കൾക്കും വിദ്യാർഥികൾക്കും ഒരുപോലെ ആശങ്ക. മാഹിയിൽ ഈ അധ്യയനവർഷം 6 മുതൽ 9 വരെയും പ്ലസ് വൺ ക്ലാസുകളിലും സി.ബി.എസ്.ഇ സിലബസ് നടപ്പിലാക്കുകയാണ്. ഒറ്റയടിക്ക് മുഴുവൻ ക്ലാസുകളിലേക്കും സിലബസ് നടപ്പിലാക്കുമ്പോൾ, വളരെയേറെ ആശങ്കയോടെയാണ് പലരും ഇതിനെ നോക്കി കാണുന്നത്. സാധരണ സിലബസ് പരിഷ്കാരം ഒരു ക്ലാസിൽ നടത്തി, ഓരോ വർഷം കൂടുംതോറും ഘട്ടം ഘട്ടമായി ഉയർന്ന ക്ലാസുകൾ വരെ വ്യാപിപ്പിക്കുകയാണ് പതിവ്. എന്നാൽ, ഇവിടെ കഴിഞ്ഞ വർഷം വരെ കേരള സ്റ്റേറ്റ് സിലബസ് പഠിച്ച കുട്ടികൾക്ക് പെട്ടെന്നുള്ള ഈ മാറ്റം വലിയ ബുദ്ധിമുട്ടുണ്ടാക്കും. സാധാരണക്കാരന്റെ മക്കൾ പഠിക്കുന്ന സർക്കാർ സ്കൂളിൽ ഇത് കൂടുതൽ ബാധിക്കും. ഈ മേഖലയിൽ ഉള്ള സ്വകാര്യ സ്കൂളുകൾക്ക് ഇത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ചില ഇളവുകൾ കൊടുത്തിട്ടുണ്ടെന്നാണ് അറിയാൻ കഴിയുന്നത്. ഇതും ഒരു വിവേചനമാണ്. ഈ മാറ്റം ഇപ്പോൾ മാത്രം പരിശീലനം ലഭിച്ചുകൊണ്ടിച്ചിരിക്കുന്ന ഈ മേഖലയിലെ അധ്യാപകർ പോലും ഉൾക്കൊണ്ടുവരുന്നേയുള്ളുവെന്നതാണ് യാഥാർത്ഥ്യം.

പുന്നോൽ റെയിൽവെ ഗേറ്റിനടുത്ത് സബിനാസിൽ സുലൈഖയുടെ വീട്ടിലെ മോഷണം നടന്ന മുറിയിൽ നിന്നുള്ള ദൃശ്യം

പത്ത് പവനും 1,80000 രൂപയും കവർന്നു

തലശ്ശേരി: ന്യൂമാഹി പോലിസ് പരിധിയിലെ പുന്നോൽ മാപ്പിള സ്കൂളിനടുത്തുള്ള വീട്ടിൽ കവർച്ച. 10 പവനും 1,80000 രൂപയും നഷ്ടപ്പെട്ടു. പുന്നോൽ റെയിൽവെ ഗേറ്റിനടുത്ത് സബിനാസിൽ സുലൈഖയുടെ വീട്ടിലാണ് കവർച്ച നടന്നത്. ഇന്നലെ പുലർച്ചെ രണ്ടോടെയാണ് സംഭവം. ഇരുനില വീടിന്റെ അടുക്കള ഭാഗത്തിലൂടെ കയറിയ മോഷ്ടാക്കൾ കിടപ്പുമുറിയിലെ അലമാരയിൽ നിന്നും സ്വർണാഭരണങ്ങളും പണവും കവർന്ന ശേഷം മുറിയിൽ ഉറങ്ങുകയായിരുന്ന സുലൈഖയുടെ കഴുത്തിലെ മാല പൊട്ടിക്കാൻ ശ്രമിച്ചു. ഉറക്കമുണർന്ന വീട്ടമ്മ മാലയിൽ പിടിച്ചു. ഇതോടെ രക്ഷപ്പെടാൻ ശ്രമിച്ച മോഷ്ടാവ് കൈയ്യിൽ കിട്ടിയ മാലയുടെ ഭാഗവുമായി ഓടി. സുലൈഖ പിന്തുടർന്നെങ്കിലും കിട്ടിയില്ല.

ഇരുട്ടായതിനാൽ മോഷ്ടാവിനെ തിരിച്ചറിയാനുമായില്ല. സുലൈഖയും മകളുടെ മൂത്ത മകനും കവർച്ച നടന്ന മുറിയിലും മകളും ഭർത്താവും കുട്ടിയും അടുത്ത മുറിയിലുമാണ് ഉറങ്ങിയിരുന്നത്. സുലൈഖ കിടന്ന കിടക്കയുടെ അടിയിൽ നിന്നും താക്കോൽ കൈക്കലാക്കിയാണ് അലമാര തുറന്നത്. വീട്ടമ്മയുടെ രണ്ട് മക്കൾ ഗൾഫിലാണ്. പരാതിയെ തുടർന്ന് ന്യൂമാഹി പോലിസെത്തി അന്വേഷണം തുടങ്ങി. കണ്ണൂരിൽ നിന്ന് വിരലടയാള വിദഗ്ധരും ഡോഗ് സ്ക്വാഡും എത്തിയിരുന്നു.

ജനത കൺസ്ട്രക്ഷൻ ആൻഡ് ജനറൽ വർക്കേഴ്സ് യൂണിയൻ 26ാം സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന മുൻ എം.എൽ.എ എം.കെ പ്രേംനാഥ്

വർഗീയ ഫാസിസത്തെ ചെറുക്കാൻ തൊഴിലാളികൾ രംഗത്തിറങ്ങണം: എം.കെ പ്രേംനാഥ്

ആലുവ: രാജ്യത്തെ സർവനാശത്തിലേക്ക് നയിക്കുന്ന, വർഗീയ ഫാസിസത്തെ ചെറുത്തു തോൽപിക്കാൻ തൊഴിലാളികളുടെയും കർഷകരുടെയും യുവാക്കളുടെയും എല്ലാം യോജിച്ച പോരാട്ടം അനിവാര്യമാണെന്ന് സോഷ്യലിസ്റ്റ് നേതാവും എൽ.ജെ.ഡി സംസ്ഥാന വൈസ് പ്രസിഡന്റുമായ മുൻ എം.എൽ.എ എം.കെ പ്രേംനാഥ് അഭിപ്രായപെട്ടു. ഡൽഹിയിൽ കർഷകർ നടത്തിയ ഐതിഹസിക പോരാട്ടം രാജ്യത്തിനു ആവേശം പകർന്നു. ഇതോടൊപ്പം തൊഴിലാളികളും യുവാക്കളും എല്ലാം യോജിച്ച് നിന്നെങ്കിൽ മാത്രമേ രാജ്യത്തെ ഇന്നത്തെ ദുരവസ്ഥ മാറ്റിയെടുക്കാൻ കഴിയുകയുള്ളൂ. തൊഴിലാളി പാർട്ടി എന്ന് അവകാശപെടുന്നവർ പോലും മുതലാളിമാർക്ക് വേണ്ടി തൊഴിലാളികളുടെ അവകാശങ്ങൾ അടിച്ചമർത്താൻ കൂട്ട് നിൽക്കുകയാണെന്നും ജനത കൺസ്ട്രക്ഷൻ ആൻഡ് ജനറൽ വർക്കേഴ്സ് യൂണിയൻ 26ാം സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്തു കൊണ്ട് സംസാരിക്കവേ അദ്ദേഹം ചൂണ്ടിക്കട്ടി. മതേതരത്വം തകർന്നാൽ ഇന്ത്യ ഇല്ലാതായി എന്നാണ് അർഥം. യൂണിയൻ പ്രസിഡന്റ് അഡ്വ. ആനി സ്വീറ്റി അധ്യക്ഷത വഹിച്ചു. മുൻ മേയർ അഡ്വ കെ.ജെ സോഹൻ, സോഷ്യലിസ്റ്റ് പാർട്ടി ജനറൽ സെക്രട്ടറി മനോജ് ടി. സാരംഗ്, ജെയ്സൺ പാനികുളങ്ങര, കെ.ജെ സുധീർ എന്നിവർ പ്രസംഗിച്ചു. അസുഖം മൂലം സമ്മേളനത്തിൽ പങ്കെടുക്കാൻ കഴിയാതെ പോയ ജനതാദൾ ദേശീയ ജനറൽ സെക്രട്ടറിയും മുൻ മന്ത്രിയുമായ ജോസ് തെറ്റയിലിന്റെ സന്ദേശം യോഗത്തിൽ വായിച്ചു. പ്രതിനിധി സമ്മേളനം എച്ച്.എം.എസ് നേതാവ് അഡ്വ. എസ്. കൊച്ചുകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. മലയിങ്കിഴ് ശശികുമാർ അധ്യക്ഷത വഹിച്ചു. അഷ്റഫ് ചെങ്ങാനാട്, ശശി പേരൂർ എന്നിവർ സംസാരിച്ചു. ജനറൽ സെക്രട്ടറി ശശി പേരൂർ പ്രവർത്തന റിപ്പോർട്ടും ഖജാൻജി ഇ. ഹരിദാസ് വരവ് ചെലവ് കണക്കും അവതരിപ്പിച്ചു. രാഘവൻ മുളങ്ങാടൻ, ഒ.ഇ കാസിം, പി.എസ് വേണുഗോപാൽ എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി. ഉച്ചയ്ക്ക് രണ്ടുമണിക്ക് നടന്ന സുഹൃദ് സമ്മേളനത്തിൽ വി.പി വർക്കി അധ്യക്ഷത വഹിച്ചു. എച്ച്.എം.എസ് ജില്ലാ പ്രസിഡന്റ് വി.യു ഹംസകോയ, സി.ഐ.ടി.യു നേതാവ് ഉദയകുമാർ, ഐ.എൻ.ടി.യു.സി നേതാവ് ആനന്ദ് ജോർജ്, എ.ഐ.ടി.യു.സി നേതാവ് ഷംസുദ്ധീൻ, എസ്.ടി.യു നേതാവ് കരീം പടത്തിക്കര, എസ്.ആർ.എം.യു നേതാവ് ഇല്യാസ് മുണ്ടൂർ, പി.എം റഷീദ് എന്നിവർ സംസാരിച്ചു. സമാപന സമ്മേളനം പി.എം ആഷിക് ഉദ്ഘാടനം ചെയ്തു. യൂണിയൻ സംസ്ഥാന പ്രസിഡന്റ് അഡ്വ. ആനി സ്വീറ്റി അധ്യക്ഷത വഹിച്ചു. എൽ.ജെ.ഡി ജില്ലാ പ്രസിഡന്റ് ജബ്ബാർ തച്ചയിൽ, ശശി പേരൂർ, ഇ.എ റഷീദ് എന്നിവർ സംസാരിച്ചു. ജനത കൺസ്ട്രക്ഷൻ ആൻഡ് ജനറൽ വർക്കേഴ്സ് യൂണിയൻ പ്രസിഡന്റ് ആയി അഡ്വ. ആനി സ്വീറ്റി വീണ്ടും തെരെഞ്ഞെടുക്കപ്പെട്ടു. പേരൂർ ശശിധരൻ ആണ് ജനറൽ സെക്രട്ടറി.

ഹബീബ് ഉമർ ഹഫീള് ഇന്ന് മർകസ് നോളജ് സിറ്റിയിൽ

നോളജ് സിറ്റി : ലോക പ്രശസ്ത ഇസ്‌ലാമിക പണ്ഡിതൻ ഹബീബ് ഉമർ ഹഫീള് ഇന്ന് മർകസ് നോളജ് സിറ്റിയിൽ. ഇന്ന് വൈകീട്ട് നടക്കുന്ന ഹള്റത്തുൽ ഫുതൂഹ് ആത്മീയ സംഗമത്തിനും സി.എം വലിയുല്ലാഹി ഉറൂസിനും അദ്ദേഹം നേതൃത്വം നൽകും. ഇത്തവണ ഹജ്ജിന് പോകുന്നവർക്കുള്ള യാത്രയയപ്പും ഇതോടൊപ്പം നടക്കും. ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ.പി അബൂബക്കർ മുസ്ലിയാർ, സയ്യിദ് അലി ബാഫഖി, മർകസ് നോളജ് സിറ്റി മാനേജിങ് ഡയരക്ടർ ഡോ. എ.പി അബ്ദുൽ ഹകീം അസ്ഹരി, കേരള ഹജ്ജ് കമ്മിറ്റി ചെയർമാൻ സി. മുഹമ്മദ് ഫൈസി എന്നിവർ നേതൃത്വം നൽകും. ചൊവ്വാഴ്ച പ്രഭാത നിസ്കാരത്തിന് ശേഷം ഹബീബ് ഉമർ ഹഫീള് ജാമിഉൽ ഫുതൂഹിൽ വെച്ച് അധ്യാത്മിക ദർസ് നടത്തും. വിശ്വപ്രസിദ്ധ ഗ്രന്ഥം ഇഹ്യാ ഉലൂമുദ്ദീനിന്റെ സംക്ഷിപ്തമായി അദ്ദേഹം രചിച്ച ഖബ്സുന്നൂരിൽ മുബീൻ എന്ന ഗ്രന്ഥമാണ് ദർസ് നടത്തുന്നത്.

കോർപറേഷനുകളിൽ വൻ അഴിമതിയെന്ന് വിജിലൻസ്

■ സ്വന്തം ലേഖകൻ

തിരുവനന്തപുരം: കോർപറേഷനുകളിൽ സമയബന്ധിതമായി ഫയലുകൾ തീർപ്പാക്കുന്നതിന് ഇടനിലക്കാർ വേണമെന്ന് വിജിലൻസിന്റെ കണ്ടെത്തൽ. സംസ്ഥാനത്തെ പല കോർപറേഷനുകളിലും ഈ അഴിമതി തുടരുകയാണ്. ഇത്തരം വിവരങ്ങൾ ലഭിച്ചതിനെ തുടർന്ന് കോർപറേഷനുകളിലെ പല ഇടനിലക്കാരേയും വിജിലൻസ് കണ്ടെത്തി. കഴിഞ്ഞ രണ്ട് ദിവസം മുമ്പ് പല കോർപറേഷനുകളും കേന്ദ്രീകരിച്ച് വിജിലൻസ് രഹസ്യാന്വേഷണം നടത്തിയിരുന്നു. മരാമത്ത് , റവന്യൂ, ആരോഗ്യ വിഭാഗങ്ങൾക്കെതിരേയായിരുന്നു പരാതി. മരാമത്ത് വകുപ്പിന്റെ കീഴിൽ ഇടനിലക്കാരുള്ള അപേക്ഷകളിൽ മാത്രം വേഗത്തിൽ കെട്ടിട നിർമാണ പെർമിറ്റും ഒക്യൂപെൻസി സർട്ടിഫിക്കറ്റുകളും ലഭിക്കും. അല്ലാത്തവയിൽ ചില ഉദ്യോഗസ്ഥന്മാർ അകാരണമായി കാലതാമസം വരുത്തുന്നതായും ഉപഭോക്താക്കളെ ബുദ്ധിമുട്ടിക്കുന്നതായും കണ്ടെത്തി. രാഷ്ട്രീയ മാഫിയകളും ഉദ്യോഗസ്ഥരും തമ്മിലുള്ള അനധികൃത ബന്ധമാണ് വഴിവിട്ട പ്രവർത്തനങ്ങൾ കോർപറേഷൻ ഉൾപ്പടെയുള്ള സർക്കാർ ഓഫിസുകളിൽ അരങ്ങേറുന്നതന്ന് വിജിലൻസ് പറഞ്ഞു.

സ്വയംതൊഴിൽ വായ്പ

കൊല്ലം: ജില്ലയിലെ പട്ടികജാതി -പട്ടികവർഗ വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതർക്ക് വസ്തു/ ഉദ്യോഗസ്ഥ ജാമ്യവ്യവസ്ഥയിൽ സ്വയം തൊഴിൽ വായ്പയ്ക്ക് അപേക്ഷിക്കാം. പ്രായപരിധി 18–55 വയസ്. കുടുംബ വാർഷിക വരുമാനപരിധി മൂന്ന് ലക്ഷം രൂപ. വിവരങ്ങൾക്ക്: സംസ്ഥാന പട്ടികജാതി- പട്ടികവർഗ വികസന കോർപറേഷൻ ജില്ലാ കാര്യാലയം, ജില്ലാ പഞ്ചായത്ത് കെട്ടിടം, റെയിൽവേ സ്റ്റേഷൻ റോഡ്, കർബല ജംഗ്ഷൻ, കൊല്ലം ഓഫീസ്. ഫോൺ: 0474 2764440, 9400068502.

പി.എസ്.സി പരീക്ഷക്കു പോയ യുവതി ബ്ലോക്കിൽ കുടുങ്ങി; രക്ഷകരായി പോലിസ്

പാമ്പാടി: പി.എസ്.സി പരീക്ഷക്കുപോയി ബ്ലോക്കിൽ കുടുങ്ങിയ പൊൻകുന്നം സ്വദേശിനിയായി യുവതിക്ക് രക്ഷകരായി പാമ്പാടി പോലിസ്. കഴിഞ്ഞ ശനിയാഴ്ച്ച ആലാമ്പള്ളി പി.വി.എസ് ഗവ. എച്ച്.എസിൽ പി.എസ്.സി ടെസ്റ്റിനായി വീട്ടിൽ നിന്നിറങ്ങിയ യുവതി ഹാൾടിക്കറ്റ് എടുക്കാൻ മറന്നു പോവുകയും തിരിച്ച് വീട്ടിലെത്തി ഹാൾ ടിക്കറ്റുമായി സെന്റ് ജോർജ് ബസിൽ കയറി യാത്ര തുടരുകയുമായിരുന്നു.

ഏറെ വൈകിയതിനാൽ ബസ് ജീവനക്കാരോട് വിവരം പറയുകയും അവർ വളരെ വേഗം പരീക്ഷ നടക്കുന്ന ആലാമ്പള്ളിൽ എത്തിക്കാമെന്ന് ഉറപ്പു നൽകുകയും ചെയ്തു. എന്നാൽ ബസ് കൊടുങ്ങൂരിൽ എത്തിയപ്പോൾ ഏതോ റാലി നടക്കുന്നതിനാൽ വഴി മുഴുവൻ ബ്ലോക്കായിരുന്നു.

തുടർന്ന് ഇതേ ബസിൽ യാത്ര ചെയ്തിരുന്ന കോട്ടയം എക്സൈസ് സ്ക്വാഡിലെ ദീപു ബാലകൃഷ്ണൻ, പാമ്പാടി എസ്.ഐ ലെബി മോനെ ഫോണിൽ ബന്ധപ്പെടുകയും പോലിസ് വാഹനം വാഴൂരിൽ എത്തുകയും ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന എസ്.ഐ ലെബി മോൻ ബിജു ഏബ്രഹാം, സീനിയർ സിവിൽ പോലിസ് ഓഫിസർ ദയാലു എന്നിവർ പെൺകുട്ടിയെ കൃത്യ സമയത്ത് പരീഷാ ഹാളിൽ എത്തിക്കുകയും ചെയ്തു. പരീഷാ ഹാളിലേക്ക് മുൻകൂട്ടി പാമ്പാടി സ്റ്റേഷനിലെ എസ്.ഐ ഷാജി എൻ.ടി , സി.പി.ഒ രാംകുമാർ എന്നിവരെ അയച്ചിരുന്നു. വളരെ പെട്ടന്ന് പരീക്ഷാ ഹാളിൽ കയറിയ കുട്ടിയുടെ പേരോ, വിലാസമോ തിരക്കാൻ പോലും പോലിസ് ഉദ്യോഗസ്ഥർക്ക് സാധിച്ചില്ലായെങ്കിലും നല്ലൊരു പ്രവർത്തി ചെയ്ത മനഃസന്തേഷത്തോടെ അവർ വീണ്ടും ഡ്യൂട്ടിയിൽ മുഴുകി.

എൻ.ആർ.ഐ പ്രവേശനം

കൊല്ലം: ഐ.എച്ച്.ആർ.ഡി യുടെ കീഴിലുള്ള എറണാകുളം, ചെങ്ങന്നൂർ, അടൂർ, കരുനാഗപ്പള്ളി, കല്ലൂപ്പാറ, ചേർത്തല, ആറ്റിങ്ങൽ, പൂഞ്ഞാർ, കൊട്ടാരക്കര എൻജിനീയറിങ് കോളേജുകളിൽ എൻ.ആർ.ഐ സീറ്റുകളിൽ ഓൺലൈനായി www.ihrdonline.org/ihrdnri ൽ മെയ് 23 മുതൽ ജൂൺ 15 വരെ അപേക്ഷിക്കാം. ഓരോ കോളേജിലേയും പ്രവേശനത്തിന് പ്രത്യേകം അപേക്ഷകൾ സമർപ്പിക്കണം. ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് ഔട്ട്, നിർദിഷ്ട അനുബന്ധങ്ങളും, 1000 രൂപയുടെ രജിസ്ട്രേഷൻ ഫീസ് ഓൺലൈനായോ /ബന്ധപ്പെട്ട പ്രിൻസിപ്പാളിന്റെ പേരിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് സഹിതം ജൂൺ 19ന് വൈകിട്ട് അഞ്ചിനകം പ്രവേശനം താൽപര്യമുള്ള കോളേജിൽ ലഭ്യമാക്കണം. വിവരങ്ങൾക്ക് www.ihrd.ac.in സന്ദർശിക്കുക.

സാമ്പ്രാണിക്കൊടിയിലെ ബോട്ട്, ജങ്കാർ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ജില്ലാകലക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗം

മേരി ലാൻഡ് ദ്വീപിലേക്കുള്ള വിനോദസഞ്ചാര ബോട്ടിങ്ങിന് നിരോധനം

കൊല്ലം: മേരി ലാൻഡ് ദ്വീപിലേക്കുള്ള വിനോദസഞ്ചാര ബോട്ടിങ്ങിന് നിരോധനം ഏർപ്പെടുത്തി ജില്ലാ കലക്ടർ അഫ്സാന പർവീൺ. സാമ്പ്രാണിക്കോടിയിലെ ബോട്ട്, ജങ്കാർ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ജില്ലാ കലക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. ശക്തികുളങ്ങര നോർത്ത് മേരി ലാൻഡ് ദ്വീപിലെ ടൂറിസം സാധ്യതകളും സുരക്ഷാക്രമീകരണങ്ങളും പഠിക്കാനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ടെക്നിക്കൽ കമ്മിറ്റിയെ നിയോഗിക്കും.

സാമ്പ്രാണിക്കോടിയിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ വിനോദസഞ്ചാരികളുമായി അനധികൃത ബോട്ടിങ് നടത്തുന്നവർക്കെതിരേ കർശന നടപടി സ്വീകരിക്കാൻ കലക്ടർ പോലിസിന് നിർദേശം നൽകി. ചേമ്പറിൽ നടന്ന യോഗത്തിൽ ടൂറിസം വകുപ്പ് ഡെപ്യൂട്ടി ഡയരക്ടർ കെ.പി രാധാകൃഷ്ണപിള്ള, ഡി.ടി.പി.സി സെക്രട്ടറി വിജയ് രാജ്, പോർട്ട് കൺസർവേറ്റർ ഹരി ശേഖർ, വകുപ്പ്തല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

ബാലറ്റ് പേപ്പർ പുനഃസ്ഥാപിക്കണം: തൃശൂർ നസീറിന്റെ ഏകാംഗ പ്രതിഷേധം ശ്രദ്ധേയമായി

കോഴിക്കോട്: നൂതന സാങ്കേതിക വിദ്യയുടെ മറവിൽ ജനാധിപത്യം കശാപ്പ് ചെയ്യപ്പെടുന്നുവെന്നാരോപിച്ച് ദി പബ്ലിക് പ്രൊട്ടക്ഷൻ കൗൺസിൽ ഓഫ് ഇന്ത്യ ജനറൽ സെക്രട്ടറിയും ഗിന്നസ് ജേതാവുമായ തൃശൂർ നസീർ നടത്തിയ പ്രതിഷേധ സമരം ശ്രദ്ധേയമായി. വോട്ടിംഗ് മെഷിനുകളിൽ വ്യാപകമായ കൃത്രിമം നടക്കുന്നുവെന്നും ബാലറ്റ് പേപ്പറുകൾ വഴി നടക്കുന്ന തെരഞ്ഞെടുപ്പുകൾക്ക് ലഭിക്കുന്ന വിശ്വാസ്യത ഇതിന് ലഭിക്കില്ലെന്നും നസീർ വാദിക്കുന്നു. വികസിത രാജ്യങ്ങളിൽപ്പോലും ബാലറ്റ് പേപ്പറുകൾ ഉപയോഗിച്ചുള്ള തെരഞ്ഞെടുപ്പാണ് നടക്കുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കോഴിക്കോട് ബീച്ചിൽ ഗാനങ്ങൾ ആലപിച്ചായിരുന്നു



തൃശൂർ നസീറിന്റെ ഏകാംഗ പ്രതിഷേധത്തിൽ നിന്ന്

സമരം. പ്രതിഷേധ സമരം മാധ്യമ പ്രവർത്തകൻ ബഷീർ കല്ലായി ഉദ്ഘാടനം ചെയ്തു. പൊതുപ്രവർത്തക ഫസീല ചിനക്കൽ അധ്യക്ഷത വഹിച്ചു. രാവിലെ ഒമ്പത് മണി മുതൽ രാത്രി 10 വരെ ഭക്ഷണം പോലും കഴിക്കാതെ നിരന്തരം പാട്ടുകൾ പാടിയായിരുന്നു പ്രതിഷേധം. വിവിധ ഭാഷകളിൽ പഴയതും പുതിയതുമായ ഗാനങ്ങളും മിമിക്രിയും ആസ്വദിക്കാൻ ആയിരക്കണക്കിനാളുകൾ എത്തി. ഇതോടൊപ്പം പൊതുജനങ്ങളിൽ നിന്ന് ഒപ്പുശേഖരണവും നടത്തി. വിഷയത്തിൽ ചീഫ് ജസ്റ്റിസ്, രാഷ്ട്രപതി, ഇലക്ഷൻ കമ്മീഷൻ എന്നിവർക്ക് ഭീമ ഹർജി നൽകുമെന്ന് നസീർ പറഞ്ഞു. നിലമ്പൂർ നഞ്ചൻകോട് റെയിൽവേ, തെരുവുനായ, മാലിന്യ പ്രശ്നം, മൈസൂർ രാത്രിയാത്ര, മയക്കുമരുന്ന് തുടങ്ങിയ വിഷയങ്ങളിൽ സജീവ പോരാട്ടങ്ങൾ നടത്തി ശ്രദ്ധേയനായ നസീർ 113 മണിക്കൂർ പാട്ടുപാടിയും 40 മണിക്കൂർ മിമിക്രി അവതരിപ്പിച്ചുമാണ് ഗിന്നസ് ബുക്കിൽ

ബി.ആർ അംബേദ്കർ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ മികച്ച മ്യൂസിക്കൽ വീഡിയോ സംവിധായകനും സംഗീതസംവിധായകനുമുള്ള അവാർഡുകൾ ലഭിച്ച ഡോക്ടർ സി.വി.രഞ്ജിത്തിനെ ചലച്ചിത്ര സംഗീതസംവിധായകൻ എ.ടി ഉമ്മർ അനുസ്മരണവേദി ആദരിച്ചപ്പോൾ

ചലച്ചിത്ര സംഗീത സംവിധായകൻ ഡോക്ടർ സി.വി രഞ്ജിത്തിനെ ആദരിച്ചു

കണ്ണൂർ: മുംബൈയിൽ നടന്ന ഡോക്ടർ ബി.ആർ അംബേദ്കർ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ മികച്ച മ്യൂസിക്കൽ വീഡിയോ സംവിധായകനും സംഗീതസംവിധായകനുമുള്ള അവാർഡുകൾ ലഭിച്ച ഡോക്ടർ സി.വി.രഞ്ജിത്തിനെ ചലച്ചിത്ര സംഗീത സംവിധായകൻ എ.ടി ഉമ്മർ അനുസ്മരണവേദി കണ്ണൂരിൽ ആദരിച്ചു. മേയർ അഡ്വക്കറ്റ് ടി.ഒ മോഹനൻ ഉദ്ഘാടനം ചെയ്തു. കണ്ണൂർ ജില്ലാ റൂറൽ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പിയും കവിയും ഗാനരചയിതാവുമായ ടി.പി രഞ്ജിത്ത് അധ്യക്ഷത വഹിച്ചു. സംഗീത സംവിധായകൻ എ.ടി ഉമ്മറിന്റെ ഭാര്യ ഹഫ്സത്ത്, ജനറൽ കൺവീനർ റഹിം പൂവാട്ടുപറമ്പ്, കണ്ണൂർ ചേമ്പർ ഓഫ് കൊമേഴ്സ് പ്രസിഡന്റ് ടി.കെ രമേഷ്കുമാർ, റിയർ അഡ്മിറൽ മോഹൻ, അബ്ദുൽ ഖാദർ പനക്കാട്ട് തുടങ്ങിയവർ പ്രസംഗിച്ചു.കണ്ണൂർ ഡി.ടി.പി.സിക്കുവേണ്ടി ഒരുക്കിയ കണ്ണൂരിന്റെ മനോഹാരിത വർണിക്കുന്ന സോംഗ് ഓഫ് കണ്ണൂർ ഹെവൻ ഓഫ് ടൂറിസം എന്ന മ്യൂസിക്കൽ വീഡിയോയുടെ സംവിധാനത്തിനും സംഗീതസംവിധാനത്തിനുമാണ് ഡോക്ടർ സി.വി രഞ്ജിത്തിന് ഡോ.ബി.ആർ അംബേദ്കർ അവാർഡ് ലഭിച്ചത്. പത്മശ്രീ കൈതപ്രം രചിച്ച ഗാനം ആലപിച്ചത് വിനീത് ശ്രീനിവാസനാണ്. മട്ടന്നൂർ ശങ്കരൻകുട്ടി, സംവിധായകൻ സലിം അഹമ്മദ്, കൈതപ്രം, നടന്മാരായ വിനീത്, സന്തോഷ് കീഴാറ്റൂർ, വിനീത് ശ്രീനിവാസൻ തുടങ്ങിയ പ്രമുഖരാണ് അഭിനയിച്ചത്.ഡോക്ടർ സി.വി രഞ്ജിത്ത് നയിക്കുന്ന മൗത്ത് ഓർഗൻസ് മ്യൂസിക് ടീമിന്റെ ഉദ്ഘാടനവും നടത്തി. ഹിന്ദി, മലയാളം, തമിഴ് സിനിമകളിലെ പഴയതും പുതിയതുമായ സൂപ്പർഹിറ്റ് ഗാനങ്ങൾ കോർത്തിണക്കി കണ്ണൂരിലെ പ്രമുഖ ഡോക്ടർമാരും ഗായകരുമായ സി.വി രഞ്ജിത്ത്, ശ്രീജിത്ത്, കവിത, ഷർമിൾ, രവി എന്നിവർ ആലപിച്ച ഗാനങ്ങൾ നവ്യാനുഭൂതിയായി.

111 ഭവനങ്ങൾ സമർപ്പിച്ച് മർകസ് ചാരിറ്റി കോൺഫറൻസ്

സാമൂഹ്യപുരോഗതിക്കായി പരിശ്രമിക്കാൻ ഏവരും മുന്നോട്ടുവരണം: കാന്തപുരം

കോഴിക്കോട്: മർകസ് നിർമിച്ചുനൽകിയ 111 ഭവനങ്ങൾ മത-സാമൂഹിക-രാഷ്ട്രീയ ജീവകാരുണ്യ രംഗത്തെ പ്രമുഖരുടെ സാന്നിധ്യത്തിൽ ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ.പി അബൂബക്കർ മുസ്ലിയാർ ഗുണഭോക്താക്കൾക്ക് സമർപ്പിച്ചു. മദനീയം കൂട്ടായ്മയുടെ സഹകരണത്തോടെയാണ് ഭവനങ്ങളുടെ നിർമാണം മർകസ് പൂർത്തീകരിച്ചത്. ഹബീബ് ഉമർ ഹഫീള് ചടങ്ങിൽ സന്നിഹിതനായി. സ്വന്തം കാര്യങ്ങളിൽ മാത്രം വ്യാപൃതരാവാതെ സമൂഹത്തിൽ പരിഗണയും അവശതയും അനുഭവിക്കുന്നവരെ ചേർത്തുപിടിക്കാനും സാമൂഹ്യപുരോഗതിക്കായി പരിശ്രമിക്കാനും ഏവരും മുന്നോട്ടുവരണമെന്ന് കാന്തപുരം പറഞ്ഞു. പരസ്പരം സഹായിച്ചും ധർമം നൽകിയും മുന്നോട്ടുപോയാൽ നമ്മുടെ നാട്ടിൽ ദരിദ്രർ ഉണ്ടാവില്ലെന്നും ഇസ്ലാം മുന്നോട്ടുവെക്കുന്ന സകാത്തിന്റെ സന്ദേശം അതാണെന്നും അദ്ദേഹം പറഞ്ഞു.

മദനീയം കൂട്ടായ്മയുടെ ഒന്നാം വാർഷികത്തിലാണ് സാദാത്ത് ഭവനപദ്ധതി മർകസ് പ്രഖ്യാപിച്ചത്. കാന്തപുരം എ.പി അബൂബക്കർ മുസ്ലിയാരുടെ പ്രത്യേക താൽപര്യവും നിർദേശവുമാണ് ഇത്തരമൊരു പദ്ധതിയുടെ ആരംഭത്തിന് നിമിത്തമാവുന്നത്. കേരള മുസ്ലിം ജമാഅത്തിന്റെയും സുന്നി യുവജന സംഘം സാന്ത്വനത്തിന്റെയും ആഭിമുഖ്യത്തിൽ ഭവന രഹിതർക്കായി നടപ്പിലാക്കിവരുന്ന ദാറുൽ ഖൈർ ഭവന പദ്ധതിയുടെ ചുവടുപിടിച്ചാണ് അർഹരായ കുടുംബങ്ങൾക്കായി വീടുകളൊരുക്കിയത്. 100 വീടുകൾ നിർമിച്ചു നൽകാനാണ് പദ്ധതിയിട്ടിരുന്നതെങ്കിലും അപേക്ഷകൾ വർധിച്ചതിനെ തുടർന്ന് നിർമിക്കാനുദ്ദേശിച്ച വീടുകളുടെ എണ്ണം 313 ആയി ഉയർത്തി. ഇതിൽ ആദ്യഘട്ടത്തിൽ നിർമാണം പൂർത്തീകരിച്ച 111 വീടുകളുടെ കൈമാറ്റമാണ് നടന്നത്.

മർകസ് ചാരിറ്റി കോൺഫറൻസിൽ ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ.പി അബൂബക്കർ മുസ്ലിയാർ 111 ഭവനങ്ങൾ സമർപ്പിക്കുന്നു

സമ്മേളനത്തിന്റെ ഭാഗമായി ഉച്ചക്ക് രണ്ടിന് ഗുണഭോക്തൃ സംഗമം നടന്നു. ഭവനങ്ങൾ ലഭിച്ച സംസ്ഥാനത്തിനകത്തും പുറത്തുനിന്നുമുള്ള കുടുംബാംഗങ്ങൾ ചടങ്ങിൽ സംബന്ധിച്ചു. വൈകുന്നേരം നാലിന് നടന്ന മദനീയം പ്രാർത്ഥനാ സംഗമവും പ്രകീർത്തന സദസ്സും നടന്നു.ചാരിറ്റി കോൺഫറൻസ് ഭവന സമർപ്പണ പൊതുസമ്മേളനം വൈകുന്നേരം ഏഴിന് മർകസ് പ്രസിഡന്റ് സയ്യിദ് അലി ബാഫഖി തങ്ങളുടെ പ്രാർത്ഥനയോടെ ആരംഭിച്ചു. സമസ്ത കേരള ജംഇയ്യത്തുൽ ഉലമ പ്രസിഡന്റ് ഇ.സുലൈമാൻ മുസ്ലിയാർ സമ്മേളനം ഉദ്ഘാടനം ചെയ്തു. എം.കെ രാഘവൻ എം.പി, പി.ടി.എ റഹീം എം.എൽ.എ വിശിഷ്ടാതിഥികളായി. മർകസ് ഡയരക്ടർ ജനറൽ സി.മുഹമ്മദ് ഫൈസി അധ്യക്ഷത വഹിച്ചു. കേരള മുസ്ലിം ജമാഅത്ത് ജനറൽ സെക്രട്ടറി സയ്യിദ് ഇബ്റാഹീമുൽ ഖലീൽ അൽ ബുഖാരി മുഖ്യപ്രഭാഷണം നടത്തി. സയ്യിദ് അബ്ദുൽ ഫത്താഹ് അഹ്ദൽ അവേലം, എം അബ്ദുൽ ഹമീദ് മുസ്ലിയാർ മാണി, ഹസ്റത്ത് മുഹമ്മദ് റസ്വി കാവൽകട്ടെയ്, ഡോ. ഹുസൈൻ സഖാഫി ചൂളിക്കോട്, സയ്യിദ് മുഹമ്മദ് തൂറാബ് സഖാഫി സദസ്സിനെ സംബോധന ചെയ്ത് സംസാരിച്ചു.

ഡോ. മുഹമ്മദ് അബ്ദുൽ ഹകീം അസ്ഹരി പ്രമേയ പ്രഭാഷണവും മജീദ് കക്കാട് സ്വാഗത പ്രസംഗവും നടത്തി. ഭവന പദ്ധതിയുടെ ധനസമാഹരണത്തിന് നേതൃത്വം നൽകിയ മദനീയം അബ്ദുല്ലത്തീഫ് സഖാഫിയെ ചടങ്ങിൽ ആദരിച്ചു. കെകെ അഹ്മദ് കുട്ടി മുസ്ലിയാർ കട്ടിപ്പാറ, വിപിഎം ഫൈസി വില്യാപ്പള്ളി, സയ്യിദ് അശ്റഫ് തങ്ങൾ ആദൂർ, സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി, സയ്യിദ് ഹസനുൽ അഹ്ദൽ, സയ്യിദ് ശിഹാബുദ്ദീൻ അഹ്ദൽ മുത്തനൂർ, പ്രൊഫ. എകെ അബ്ദുൽ ഹമീദ് സംബന്ധിച്ചു. ചാരിറ്റി കോൺഫറൻസിന് ശേഷം നടന്ന ആത്മീയ സംഗമത്തിന് പണ്ഡിതരും സാദാത്തുക്കളും നേതൃത്വം നൽകി. ഗുണഭോക്താക്കളും പൊതുജനങ്ങളുമടക്കം കേരള, കർണാടക, തമിഴ്നാട് സംസ്ഥാനങ്ങളിലുള്ള ആയിരക്കണക്കിന് പേർ സമ്മേളനത്തിൽ പങ്കെടുത്തു.

ഇന്നത്തെ പരിപാടി

മേഖലാ സമിനാർ ഉദ്ഘാടനം

നടക്കാവ് ജി.വി.എച്ച്.എസ്.എസ് പി.എസ്.സി എംപ്ലോയിസ് യൂണിയന്റെ സുവർണ ജൂബിലി സമ്മേളനത്തോടനുബന്ധിച്ച് മേഖലാ സെമിനാർ ഉദ്ഘാടനം മന്ത്രി പി.എ മുഹമ്മദ് റിയാസ് വൈകീട്ട് മൂന്ന് മണിക്ക് നിർവഹിക്കും.

പുസ്തക പ്രകാശനം

കെ.പി കേശവമേനോൻ ഹാളിൽ വച്ച് ബാബു പറശ്ശേരിയുടെ 'നാടകം തന്നെ ജീവിതം' പുസ്തക പ്രകാശനം മന്ത്രി മുഹമ്മദ് റിയാസ് വൈകീട്ട് നാല് മണിക്ക് നിർവഹിക്കും.

ഗാനമേള

സാമൂര്യൻസ് ഓർക്കസ്ട്രയുടെ ഗാനമേള വൈകീട്ട് ആറ് മണിക്ക് ടൗൺഹാളിൽ വച്ച് നടക്കും

വേർപാട്

ആര്യാ സുരേന്ദ്രൻ

തിരുവമ്പാടി: കൂടരഞ്ഞ് മഞ്ഞപ്പൊയിൽ കൈതപ്പാറ കുഴിയിൽ ആര്യാ സുരേന്ദ്രൻ (22) നിര്യതയായി. അച്ഛൻ: സുരേന്ദ്രൻ. അമ്മ: ഉഷ. സഹോദരി: സൂര്യ.

അമ്മത്

നരിക്കുനി: കോൺഗ്രസ് നേതാവ് കളത്തിൽപാറ കുടിലാട്ട് അമ്മത് (75) നിര്യാതനായി. കോൺഗ്രസ് മണ്ഡലം പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ബ്ലോക്ക് നിർവാഹ സമിതിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. ഭാര്യ: ഖദീജ. മക്കൾ: നിസർ, ഫസലു റഹ്മാൻ, ഷഹർബാനത്ത്. മരുമക്കൾ: റുബീന, ജാസിറ, ഗഫൂർ. സഹോദരങ്ങൾ: പരിയേയ്, ആമിന, പരേതരായ അബ്ദുറഹിമാൻ, അവറാൻ, ആയിഷ.

'എൽ.പി ക്ലാസിലെ സംസ്കൃതം കുട്ടികളുടെ എണ്ണം സംസ്കൃതാധ്യാപകരുടെ തസ്തിക നിർണയത്തിന് പരിഗണിക്കണം'

തിരൂർ: എൽ.പി ക്ലാസിലെ സംസ്കൃതം കുട്ടികളുടെ എണ്ണം സംസ്കൃതാധ്യാപകരുടെ തസ്തിക നിർണയത്തിന് പരിഗണിക്കണമെന്ന് കേരള സംസ്കൃതാധ്യാപക ഫെഡറേഷൻ തിരൂർ താനൂർ ഉപജില്ലാ സംയുക്ത കൺവെൻഷൻ ആവശ്യപ്പെട്ടു. താനൂർ ജി.എൽ.പി സ്കൂളിൽ വച്ച് നടന്ന കൺവെൻഷന്റെയും പുതിയ അധ്യയന വർഷത്തെ മെമ്പർഷിപ്പ് വിതരണത്തിന്റെയും ഉദ്ഘാടനം കെ.എസ്.ടി.എഫ് സംസ്ഥാനകമ്മറ്റി അംഗം സുധീഷ് കേശവപുരി നിർവഹിച്ചു. ആദ്യ മെമ്പർഷിപ്പ് ശ്രീരാജ് ആർ.എൽ ഏറ്റുവാങ്ങി. ജില്ലാ സെക്രട്ടറി പി.റിജേഷ് അധ്യക്ഷത വഹിച്ചു. സംസ്ഥാന കമ്മറ്റി അംഗം സുധീഷ് കരുമത്തിൽ, പി.അനില, അജേഷ്.എ എന്നിവർ സംസാരിച്ചു.

കേരള സംസ്കൃതാധ്യാപക ഫെഡറേഷന്റെ പുതിയ അധ്യയന വർഷത്തെ മെമ്പർഷിപ്പ് വിതരണോദ്ഘാടനം ശ്രീരാജ് ആർ.എൽന് നൽകി കെ.എസ്.ടി.എഫ് സംസ്ഥാനകമ്മിറ്റി അംഗം സുധീഷ് കേശവപുരി നിർവഹിക്കുന്നു

അസിസ്റ്റന്റ് ഫിസിക്സ് തസ്തികയിൽ ഒഴിവ്

പത്തനംതിട്ട: ജില്ലയിലെ എയ്ഡഡ് സ്കൂളിൽ ഹൈസ്കൂൾ അസിസ്റ്റന്റ് ഫിസിക്സ് തസ്തികയിൽ ഭിന്നശേഷി വിഭാഗത്തിൽ കാഴ്ചവൈകല്യമുള്ളവർക്കായി സംവരണം ചെയ്ത ഒരു സ്ഥിരം ഒഴിവ് നിലവിലുണ്ട്. ബന്ധപ്പെട്ട വിഷയത്തിൽ ബിരുദം, ബി.എഡ്/ ബി.ടി ആണ് യോഗ്യത. പ്രായപരിധി 2022 ജനുവരി ഒന്നിന് 18-40 വയസ്. നിശ്ചിത യോഗ്യതയുള്ളവർ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ജൂൺ ആറിനകം ഹാജരായി പേര് രജിസ്റ്റർ ചെയ്യണം. യോഗ്യത സംബന്ധിച്ച കൂടുതൽ വിവരങ്ങൾ 0474 2747599ൽ ലഭിക്കും.

പി.എം കിസാൻ; ആനുകൂല്യങ്ങൾ തുടർന്നും ലഭിക്കുന്നതിന് അപേക്ഷിക്കാം

കൊല്ലം: പി.എം കിസാൻ പദ്ധതിയുടെ ആനുകൂല്യങ്ങൾ തുടർന്നും ലഭിക്കുന്നതിന് ആധാർ ലിങ്ക് ചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടികൾ ഗുണഭോക്താക്കൾ പൂർത്തീകരിക്കണമെന്ന് കൃഷി ഡെപ്യൂട്ടി ഡയരക്ടർ അറിയിച്ചു. പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് കർഷകർ ബാങ്ക് അക്കൗണ്ടുകൾ ആധാറുമായി ബന്ധിപ്പിക്കണം. 25, 26, 27 തീയതികളിൽ കർഷകർ ആധാർ കാർഡും മൊബൈൽ ഫോണുമായി സമീപത്തെ പോസ്റ്റ് ഓഫീസിൽ എത്തണം.

ഇ-കെ.വൈ.സി പൂർത്തീകരിക്കൽ

പി.എം കിസാനിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് ഇ-കെ.വൈ.സി നിർബന്ധമാക്കിയിട്ടുണ്ട്. പദ്ധതി ആനുകൂല്യം ലഭിക്കുന്നതിന് ആധാർ കാർഡും മൊബൈൽ ഫോണുമായി നേരിട്ട് പി.എം കിസാൻ പോർട്ടൽ വഴിയോ അക്ഷയ, സി.എസ്.സി തുടങ്ങിയ ജനസേവന കേന്ദ്രങ്ങൾ വഴിയോ കേന്ദ്ര സർക്കാർ തയ്യാറാക്കിയിട്ടുള്ള ആൻഡ്രോയിഡ് ആപ്ലിക്കേഷൻ വഴി നേരിട്ടോ ചെയ്യാം. 22 മുതൽ 27 വരെ അക്ഷയ കേന്ദ്രങ്ങളിൽ ഇതിനായി പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിക്കും.

ഭൂമി സംബന്ധിച്ച് വിവരങ്ങൾ സമർപ്പിക്കൽ

റവന്യൂ വകുപ്പിന്റെ ആർ.ഇ.എൽ.ഐ.എസ് പോർട്ടലിലുള്ള പി.എം കിസാൻ ഗുണഭോക്താക്കൾ കൃഷി ഭൂമിയുടെ വിവരങ്ങൾ സമർപ്പിക്കണം. ആനുകൂല്യം തുടർന്ന് ലഭിക്കുന്നതിനായി ഗുണഭോക്താക്കൾ കൃഷിവകുപ്പിന്റെ എയിംസ് പോർട്ടലിൽ ഭൂമിയുടെ വിവരങ്ങൾ നേരിട്ടോ അക്ഷയ കേന്ദ്രങ്ങൾ വഴിയോ ഉൾപ്പെടുത്തേണ്ടതാണ്. ആർ.ഇ.എൽ.ഐ.എസ് പോർട്ടലിൽ ഭൂമി സംബന്ധിച്ച് വിവരങ്ങൾ ഇല്ലാത്തവർ അപേക്ഷയും കരമടച്ച രസീതും സഹിതം നേരിട്ട് കൃഷിഭവനിലൂടെ പി.എം കിസാൻ പോർട്ടലിൽ സമർപ്പിക്കാവുന്നതാണ്.

ഡോ. സി.കെ അനിൽകുമാറിനെ ആദരിക്കുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന മന്ത്രി എ.കെ ശശീന്ദ്രൻ

ഡോ. സി.കെ അനിൽകുമാറിനെ ആദരിച്ചു

കോഴിക്കോട്: പ്രശസ്ത സൈക്കോളജിസ്റ്റും സാമൂഹിക പ്രവർത്തകനും ഗ്രന്ഥകാരനുമായ ഡോ: സി.കെ അനിൽകുമാറിനെ ജന്മനാടായ ചെട്ടിക്കുളം സേതു സീതാറാം എൽ.പി സ്കൂളിൽ സംഘടിപ്പിച്ച പരിപാടിയിൽ വച്ച് ആദരിച്ചു.

ചടങ്ങ് മന്ത്രി എ.കെ ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തു. എം. പ്രകാശൻ മാസ്റ്റർ (മുൻ എം.എൽ.എ) അധ്യക്ഷത വഹിച്ചു. ഡിജിറ്റൽ പ്രദർശനം ബി.ജെ.പി സംസ്ഥാന ജനറൽ സെക്രട്ടറി എം.ടി രമേശ് സ്വിച്ച് ഓൺ ചെയ്തു. വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ ആശംസകൾ നേർന്നു. സ്വാഗതസംഘം ജനറൽ കൺവീനർ ഡോ. ബിന്ദു അരവിന്ദ് സ്വാഗതവും ജോയന്റ് കൺവീനർ ഡോ. ഷീല നന്ദിയും പറഞ്ഞു. തുടർന്ന് മെന്റലിസ്റ്റ് ഷിനോജ് മനോളി മൈൻഡ് മിറക്കിൾ ഷോ നടത്തി.

വാർമുകിൽ 10ാം വാർഷികം; കൊച്ചിൻ മൻസൂറിന് ആദരം

കോഴിക്കോട്: സംഗീതത്തെ സ്നേഹിക്കുന്നവരുടെ കൂട്ടായ്മ വാർമുകിൽ സോഷ്യോ കൾച്ചറൽ ആന്റ് ചാരിറ്റബിൾ ഫോറം 10ാം വാർഷികം ആഘോഷിച്ചു. നടക്കാവ് ഗേൾസ് സ്കൂൾ ഹാളിൽ നടന്ന ചടങ്ങിൽ ഗിന്നസ് കൊച്ചിൻ മൻസൂർ പരിപാടി ഉദ്ഘാടനം ചെയ്തു. കൊച്ചിൻ മൻസൂറിനെ ക്യാഷ് അവാർഡ് നൽകി ആദരിച്ചു. ചെയർമാൻ എ.വി റഷീദ് അലി അധ്യക്ഷത വഹിച്ചു. ജനറൽ കൺവീനർ മോഹൻ മുല്ലമ്മല, എം. മുഹമ്മദ് അസ്‌ലം, സുനിൽ കക്കോത്ത്, വി.എം ശശികുമാർ, എം. നംഷീദ്, രാധിക റാവു, ടി.എസ് പ്രതാപ്, സി. റഹീസ്, പി. അൻവർ, അബ്ബുൽ കലാം ആസാദ്, ബൈജു കക്കോത്ത്, അബ്ബുള്ള എളമരം, ശ്രീകുമാർ എന്നിവർ സംസാരിച്ചു. കൊച്ചിൻ മൻസൂർ മ്യൂസിക് ഷോ, ചെന്നൈ, ബംഗളൂരു എന്നിവിടങ്ങളിൽ നിന്നുള്ള അംഗങ്ങളുടെ ഗാനമേള, മണിക്കുട്ടൻ തറോലിന്റെ വയലിൻ ഷോ, എം.കെ ബിജോയിയുടെ വിസിൽ സോങ്ങ് എന്നിവയും ഉണ്ടായിരുന്നു.

വാർമുകിൽ 10ാം വാർഷികാഘോഷ ചടങ്ങിൽ വച്ച് ഗിന്നസ് കൊച്ചിൻ മൻസൂറിനെ ആദരിച്ചപ്പോൾ

പബ്ലിക് ഹിയറിങ് 25ന്

കൊല്ലം: തീരദേശ പരിപാലന നിയമം ബാധകമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി തയ്യാറാക്കിയ സി.ഇസഡ്.എം.പി (CZMP) മാപ്പ് 2019 അന്തിമമാക്കുന്നതിന്റെ ഭാഗമായി നിർദ്ദേശങ്ങളും പരാതികളും സ്വീകരിക്കുന്നതിന് മെയ് 25 രാവിലെ 10.30ന് ജില്ലാ കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ പബ്ലിക് ഹിയറിങ് നടത്തും.

കരട് തീരദേശ പ്ലാൻ coastal.keltron.org, സല്യൂമഹ മരാമ.ഴീ.ശി എന്നീ വെബ് സൈറ്റുകളിലും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജില്ലാ നഗരാസൂത്രകന്റെ കാര്യാലയത്തിലും ലഭിക്കും. പൊതുജനങ്ങൾക്ക് അഭിപ്രായങ്ങളും പരാതികളും നിർദേശങ്ങളും മെമ്പർ സെക്രട്ടറി, കേരള തീരദേശ പരിപാലന അതോറിറ്റി, നാലാം നില, കെ.എസ്. ആർ.ടി.സി ബസ് ടെർമിനൽ, തമ്പാനൂർ, തിരുവനന്തപുരം 695001 വിലാസത്തിലോ kczmasandtd@gmail.com ഇമെയിൽ മുഖേനയോ അറിയിക്കാം.

കൂടാതെ അഭിപ്രായങ്ങൾ coastal.keltron.org ൽ grievances എന്ന ഓപ്ഷനിലും സമർപ്പിക്കാം. ഹിയറിങ് സമയത്ത് നേരിട്ടും രേഖാമൂലം പരാതി നൽകാം. ഫോൺ: 0474 2742062.

അഭിമുഖം

കൊല്ലം: വിദ്യാഭ്യാസ വകുപ്പിൽ യു.പി സ്കൂൾ ടീച്ചർ (തമിഴ് മീഡിയം) കാറ്റഗറി നം. 518/2019 തസ്തികയുടെ അഭിമുഖം 24ന് രാവിലെ 10.15ന് ജില്ലാ ഓഫീസിൽ നടത്തും. പ്രവേശന ടിക്കറ്റ്, ബയോഡാറ്റ, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, കമ്മീഷൻ അംഗീകരിച്ച തിരിച്ചറിയൽ രേഖ സഹിതം രാവിലെ 8.30ന് ഹാജരാകണം.

ആപ്തമിത്ര വളണ്ടിയർമാരുടെ പാസിംഗ് ഔട്ട് നടന്നു

കൊല്ലം: കേരള അഗ്നി രക്ഷാ സേനയുടെ നേതൃത്വത്തിലുള്ള ആപ്തമിത്ര വാളണ്ടിയർമാരുടെ ജില്ലയിലെ പാസിംഗ് ഔട്ട് നടന്നു. സംസ്ഥാനതലത്തിൽ നടന്ന 4300 വോളന്റിയർമാരുടെ പാസിംഗ് ഔട്ടിന്റെ ഭാഗമായി കടപ്പാക്കട ഫയർ സ്റ്റേഷനിൽ നടന്ന ചടങ്ങിൽ ജില്ലാ കലക്ടർ അഫ്സാന പാർവീൺ വാളണ്ടിയർമാരിൽ നിന്ന് അഭിവാദ്യം സ്വീകരിച്ചു.

ദുരന്തനിവാരണ ലഘൂകരണ രംഗത്ത് യുവാക്കൾക്ക് പരിശീലനം നൽകി സന്നദ്ധമാക്കുന്ന ആപ്തമിത്ര പദ്ധതിയുടെ രണ്ടാംഘട്ടമാണ് നടന്നത്. മുഖ്യമന്ത്രി പിണറായി വിജയൻ വിവിധ ജില്ലകളിൽ പരിശീലനം പൂർത്തിയാക്കിയ 4300 വളണ്ടിയർമാരുടെ അഭിവാദ്യം ഓൺലൈനായി സ്വീകരിച്ചു. ജില്ലയിൽ 206 ആപ്തമിത്ര വളണ്ടിയർമാരാണ് പരിശീലനം പൂർത്തിയാക്കിയത്. ജില്ലാ ഫയർ ഓഫിസർ വിശ്വനാഥ്, പരേഡ് കമാൻഡർമാരായ എസ്.അനന്തു, എസ്.ശരണ്യ, ഫയർഫോഴ്സ് ഉദ്യോഗസ്ഥർ എന്നിവർ നേതൃത്വം നൽകി.

പാസിംഗ് ഔട്ടിന്റെ ഭാഗമായി കടപ്പാക്കട ഫയർസ്റ്റേഷനിൽ നടന്ന ചടങ്ങിൽ ആപ്തമിത്ര വളണ്ടിയർമാരിൽ നിന്ന് കൊല്ലം ജില്ലാകലക്ടർ അഫ്സാന പാർവീൺ അഭിവാദ്യം സ്വീകരിക്കുന്നു

അപേക്ഷ ക്ഷണിച്ചു

കൊല്ലം: കുട്ടികളിൽ ഉയർന്ന നിലവാരത്തിലുള്ള ചലച്ചിത്രാസ്വാദനശീലം വളർത്തുന്നതിനായി സംസ്ഥാന ചലച്ചിത്ര അക്കാദമി 23, 24, 25 തീയതികളിൽ കൊല്ലത്ത് സംഘടിപ്പിക്കുന്ന ചലച്ചിത്രാസ്വാദന ക്യാമ്പിലേക്ക് അപേക്ഷ ക്ഷണിച്ചു.

ശിശുക്ഷേമ സമിതിയുടെ സഹകരണത്തോടെ ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയത്തിൽ നടക്കുന്ന ത്രിദിന ക്യാമ്പിൽ 8, 9, 10 ക്ലാസുകളിലെ കുട്ടികൾക്ക് പങ്കെടുക്കാം.

താമസവും ഭക്ഷണവും സൗജന്യം. ക്യാമ്പിൽ പ്രമുഖ ചലച്ചിത്രപ്രവർത്തകരുമായി കുട്ടികൾക്ക് സംവദിക്കാനും മികച്ച സിനിമകൾ കാണാനുമുള്ള അവസരം ഉണ്ടായിരിക്കും. താൽപര്യമുള്ളവർ മെയ് 22ന് മുമ്പായി 8289862049 (പ്രോഗ്രാം അസിസ്റ്റന്റ്), 9946759069 (റിസർച്ച് അസിസ്റ്റന്റ്) എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

കതിരൂർ ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ ശതാബ്ദി ആഘോഷത്തിന് സമാപനം

കതിരൂർ: കതിരൂർ ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ ഒരു വർഷക്കാലം നീണ്ടുനിന്ന ശതാബ്ദി ആഘോഷപരിപാടികളുടെ സമാപന ഉദ്ഘാടനം സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ നിർവഹിച്ചു. കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പി.പി ദിവ്യ അധ്യക്ഷത വഹിച്ചു. ചടങ്ങിൽ ഗാന്ധി മുഖവര ലോക റെക്കോർഡ് പ്രശസ്തി പത്രം സ്കൂൾ അധികൃതർ മന്ത്രിയിൽ നിന്ന് ഏറ്റുവാങ്ങി.

സ്കൂൾ പൂർവ്വാധ്യാപകനും കവിയുമായ വി.വി.കെയുടെ ഫോട്ടോ അനാച്ഛാദനം പാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ.ശൈലജ നിർവഹിച്ചു. എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയികളെ ജില്ലാ പഞ്ചായത്ത് അംഗം മുഹമ്മദ് അഫ്സൽ അനുമോദിച്ചു. പഞ്ചായത്ത് പ്രസിഡന്റ് പി.പി സനൽ, പ്രധാനാധ്യാപകൻ, പ്രകാശൻ കർത്ത, പി.ടി.എ പ്രസിഡന്റ് ശ്രീജേഷ് പടന്നക്കണ്ടി, എം.സി പവിത്രൻ, ചെറിയാണ്ടി ബഷീർ, കെ.വി രജീഷ്, പുത്തലത്ത് സുരേഷ്ബാബു, പി.ഐ ലക്ഷ്മണൻ നമ്പൂതിരി, ഡോ. അനിത.എസ്, ചന്ദ്രൻ കക്കോത്ത് എന്നിവർ സംസാരിച്ചു.

ഗാന്ധി മുഖവര ലോക റെക്കോർഡ് പ്രശസ്തി പത്രം കതിരൂർ ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ അധികൃതർ, മന്ത്രിയിൽ നിന്ന് ഏറ്റുവാങ്ങിയപ്പോൾ

ബീച്ച് കൂട്ടായ്മയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ബീച്ച് സന്ദർശക ബോധവൽക്കരണ ജാഥയിൽ നിന്ന്

മാലിന്യമുക്ത ബീച്ച് ലക്ഷ്യം; സന്ദർശക ബോധവൽക്കരണ ജാഥ നടത്തി

കോഴിക്കോട്: മാലിന്യമുക്ത ബീച്ച് ലക്ഷ്യമിട്ട് ബീച്ച് കൂട്ടായ്മയുടെ നേതൃത്വത്തിൽ ബീച്ച് സന്ദർശക ബോധവൽക്കരണ ജാഥ സംഘടിപ്പിച്ചു. കോർപറേഷൻ കൗൺസിലർ കെ. മൊയ്തീൻ കോയ ഫ്ളാഗ് ഓഫ് ചെയ്തു. ജൂൺ അഞ്ചിന് പരിസ്ഥിതി ദിനത്തിൽ മാലിന്യമുക്ത ബീച്ച് പദ്ധതിക്ക് കോർപറേഷൻ തുടക്കമിടുമെന്ന് മൊയ്തീൻ കോയ പറഞ്ഞു. കൂട്ടായ്മ പ്രസിഡന്റ് എൻ.ഇ മനോഹർ അധ്യക്ഷത വഹിച്ചു. എൻ.സി അബ്ദുല്ലക്കോയ, കെൻസ ബാബു, ഡോ. കെ. ശിവരാജ്, കെൻസ മുജീബ്, എഫ്.എ മുസ്തഫ, എ.പി മുഹമ്മദ് റഫി, പി.എഫ് രാജു, എഫ്.എ ഫൈസൽ, വി.പി മുസ്തഫ, കെ. റസാക്ക്, വി.പി റഫീഖ് എന്നിവർ സംസാരിച്ചു. ബീച്ച് ഔട്ട് പോസ്റ്റിൽ നിന്നും ആരംഭിച്ച ജാഥ സൗത്ത് ബീച്ച് എത്തി തിരികെ ഔട്ട് പോസ്റ്റിൽ സമാപിച്ചു.

ദർശനം സാംസ്കാരികവേദി സർഗ സംവാദം നടത്തി

കോഴിക്കോട്: മലയാളത്തിലെ സാംസ്കാരിക പ്രസിദ്ധീകരണങ്ങളിൽ വരുന്ന സിനിമാ നിരൂപണങ്ങൾ, സിനിമയിലേക്ക് ആളുകളെ അടുപ്പിക്കുകയെന്ന ദൗത്യമല്ല പലപ്പോഴും നിർവഹിക്കുന്നതെന്ന് പ്രമുഖ എഴുത്തുകാരൻ ടി.ഡി രാമകൃഷ്ണൻ പറഞ്ഞു. കോഴിക്കോട് ദർശനം സാംസ്കാരികവേദി ഗ്രന്ഥാലയം, മണമ്പൂർ സുരേഷിന്റെ 'റേ മുതൽ ലണ്ടൻ ഫെസ്റ്റിവൽ വരെ' എന്ന പുസ്തകത്തെ മുൻനിർത്തി സംഘടിപ്പിച്ച സർഗസംവാദം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മറിച്ച് സിനിമയിൽ നിന്ന് തുടങ്ങി മറ്റ് സൈദ്ധാന്തിക പ്രശ്നങ്ങളിലേക്ക് വഴുതിമാറുകയാണ് പലപ്പോഴും നിരൂപണങ്ങൾ. ഇവിടെയാണ് മണമ്പൂർ സുരേഷിനെ പോലുള്ളവരുടെ സിനിമ അവലോകനങ്ങൾ വേറിട്ടതാകുന്നതെന്നും അദ്ദേഹം പറഞ്ഞു. ചടങ്ങിൽ ഡോ. എം.എൻ. കാരശ്ശേരി അധ്യക്ഷത വഹിച്ചു.സിനിമാ നിരൂപകൻ എ.വി ഫർദിസ് വിഷയാവതരണം നടത്തി. പ്രൊഫ. ടി.ശോഭീന്ദ്രൻ, താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി വി.സുരേഷ് ബാബു, ബാങ്ക് മെൻസ് ഫിലിം സൊസൈറ്റി സെക്രട്ടറി കെ.ജെ തോമസ്, എഴുത്തുകാരി സാബി തെക്കെപ്പുറം, ന്യൂയോർക്ക് സർഗ വേദി മെന്റർ മനോഹർ തോമസ്, ഒഡേസ ഫിലിംസ് ബിജു രാഘവൻ, ബീന വിജയൻ, ആസ്വാദകരായ വി.കെ വിജയലക്ഷ്മി, ഡാഗ്ലസ് ഡിസിൽവ, സൽമി സത്യാർഥി, ആർട്ടിസ്റ്റ് റോണി ദേവസ്യ എന്നിവർ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു. ദർശനം ഗ്രന്ഥശാല സെക്രട്ടറി എം.എ ജോൺസൺ സ്വാഗതവും കേരള എജ്യൂക്കേഷൻ കൗൺസിൽ ഡയരക്ടർ സതീശൻ കൊല്ലറയ്ക്കൽ നന്ദിയും പറഞ്ഞു. ചടങ്ങിൽ വെച്ച് എം.എൻ സത്യാർഥിയുടെ മകൾ സൽമി സത്യാർഥിക്ക് രക്ഷാധികാരി അംഗത്വ ഫലകം ദർശനം ഗ്രന്ഥശാല പ്രസിഡന്റ് പി. സിദ്ധാർഥൻ കൈമാറി.

ദർശനം സാംസ്കാരിക വേദി സംഘടിപ്പിച്ച സർഗസംവാദത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുന്ന ഡോ. എം.എൻ കാരശ്ശേരി

ഡോ. ടി. കെ അനിൽകുമാർ രചിച്ച 'മൊയാരം 1948 ' എന്ന നോവൽ എം.വി ജയരാജൻ, ചരിത്രകാരനും എഴുത്തുകാരനുമായ കവിയൂർ രാജഗോപാലൻ നൽകി പ്രകാശനം ചെയ്യുന്നു

'മൊയാരം 1948 ' പ്രകാശനം ചെയ്തു

കണ്ണൂർ: പുരോഗമന കലാ സാഹിത്യ സംഘത്തിന്റെ കണ്ണൂർ ജില്ലാ കമ്മിറ്റി അംഗവും നോവലിസ്റ്റുമായ ഡോ. ടി. കെ അനിൽകുമാർ രചിച്ച 'മൊയാരം 1948 ' എന്ന നോവൽ എം.വി ജയരാജൻ പ്രകാശനം ചെയ്തു. കണ്ണൂരിൽ പുസ്തകോത്സവ നഗരിയിൽ വെച്ച് നടന്ന പരിപാടിയിൽ ടി.ടി.കെ ശശി സ്വാഗതവും നാരായണൻ കാവുമ്പായി അധ്യക്ഷതയും വഹിച്ചു. ചരിത്രകാരനും എഴുത്തുകാരനുമായ കവിയൂർ രാജഗോപാലൻ പുസ്തകം ഏറ്റുവാങ്ങി. ലൈബ്രറി കൗൺസിൽ സെക്രട്ടറി പി.കെ വിജയൻ, ജനാർദ്ദനൻ മൊയാരത്ത് (മൊയാരത്ത് ശങ്കരന്റെ മകൻ) എന്നിവർ സംസാരിച്ചു. ഡോ. ടി.കെ അനിൽകുമാർ നന്ദി പറഞ്ഞു.

പണിക്കർ സർവീസ് സൊസൈറ്റി സംസ്ഥാന പൊതുസമ്മേളനം എം.കെ രാഘവൻ എം.പി ഉദ്ഘാടനം ചെയ്യുന്നു

പണിക്കർ സർവീസ് സൊസൈറ്റി സംസ്ഥാന സമ്മേളനത്തിന് സമാപനം

കള്ളനാണയങ്ങൾ കയറിക്കൂടാതിരിക്കാൻ ശ്രദ്ധിക്കണം: എം. കെ രാഘവൻ എം. പി

കോഴിക്കോട്: പണിക്കർ സർവീസ് സൊസൈറ്റി രണ്ട് ദിവസങ്ങളിലായി സംഘടിപ്പിച്ച 17ാമത് സംസ്ഥാന സമ്മേളനം സമാപിച്ചു. പൊതുസമ്മേളനം എം.കെ രാഘവൻ എം.പി ഉദ്ഘാടനം ചെയ്തു. ജ്യോതിഷ രംഗത്ത് കള്ളനാണയങ്ങൾ കയറി കൂടാതിരിക്കാൻ സൊസൈറ്റി അംഗങ്ങൾ ശ്രദ്ധിക്കണമെന്ന് എം.കെ രാഘവൻ എം.പി അഭിപ്രായപ്പെട്ടു. സമുദായങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ സർക്കാരിൽ സമ്മർദം ചെലുത്തണമെന്നും എം.പി പറഞ്ഞു. ചെയർമാൻ ബേപ്പൂർ ടി.കെ മുരളീധര പണിക്കർ അധ്യക്ഷത വഹിച്ചു. ഹിന്ദു ഐക്യവേദി സംസ്ഥാന വർക്കിങ് പ്രസിഡന്റ് വത്സൻ തില്ലങ്കേരി മുഖ്യ പ്രഭാഷണം നടത്തി.

സാംസ്ക്കാരിക സമ്മേളനം ബീന ഗിരീഷ് പുത്തഞ്ചേരി ഉദ്ഘാടനം ചെയ്തു. ചെലവൂർ ഹരിദാസൻ പണിക്കർ, എസ്. കുട്ടപ്പൻ ചെട്ട്യാർ, അനിൽ പണിക്കർ, കെ.കെ സുധാകരൻ, ദാസ് പെരുമ്പാവൂർ, കുഞ്ഞികൃഷ്ണൻ, ഇ.എ രാജമണി, മാടത്തിങ്കൽ വിനോദ് കുമാർ, കെ.കെ സുധാകരൻ, കരുണാദാസ് പെരുമ്പാവൂർ, ജി. നിശികാന്ത്, കുഞ്ഞികൃഷ്ണൻ അരമങ്ങാനം, അജയൻ പണിക്കർ, ബിന്ദു കൊടുവള്ളി തുടങ്ങിയവർ സംസാരിച്ചു. വിവിധ മേഖലയിൽ കഴിവ് തെളിയിച്ചവരെ ആദരിച്ചു. അംഗങ്ങളുടെ കലാപരിപാടികളും ഉണ്ടായിരുന്നു.

'എം. പി വീരേന്ദ്രകുമാർ' അനുസ്മരണ സമ്മേളനം നടത്തും

കോഴിക്കോട്: എഴുത്തുകാരനും പത്രപ്രവർത്തകനുമായിരുന്ന എം.പി വീരേന്ദ്രകുമാറിന്റെ ചരമദിനാചരണത്തോടനുബന്ധിച്ച് ഓർഗനൈസേഷൻ ഓഫ് സ്മോൾ ന്യൂസ് പേപ്പേഴ്സ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ എം.പി വീരേന്ദ്രകുമാർ അനുസ്മരണ സമ്മേളനവും ആദരിക്കലും എസ്.എസ്.എൽ.സി പരീക്ഷകളിൽ മികച്ച വിജയം കാഴ്ചവച്ച വിദ്യാർഥികൾക്കുള്ള ഉപഹാര സമർപ്പണവും 28ന് രാവിലെ 10 മണിക്ക് എരഞ്ഞിപ്പാലം പി.ആർ.ടി.സി ഓഡിറ്റോറിയത്തിൽ വച്ച് നടത്താൻ തീരുമാനിച്ചു.സ്വാഗതസംഘം യോഗത്തിൽ രാമദാസ് വേങ്ങേരി അധ്യക്ഷത വഹിച്ചു. ആറ്റക്കോയ പള്ളിക്കണ്ടി യോഗം ഉദ്ഘാടനം ചെയ്തു. പി. വിനയകുമാർ, ടി.എം സത്യജിത്ത് പണിക്കർ, സംഗീത് ചേവായൂർ എന്നിവർ സംസാരിച്ചു.

പ്രമുഖരെ ആദരിച്ചു

മാഹി: നല്ല കാര്യങ്ങൾ ചെയ്യുന്നവരെ അംഗീകരിക്കാൻ മലയാളികൾക്ക് മടിയാണെന്നും മറ്റുള്ളവരും നന്നാവണമെന്ന് ആഗ്രഹിക്കുന്നവർക്കേ സ്വയം നന്നാവാൻ സാധിക്കുകയുള്ളുവെന്നും കെ.പി.മോഹനൻ എം.എൽ.എ. പള്ളൂർ പ്രിയദർശിനി യുവ കേന്ദ്രയുടെ നേതൃത്വത്തിൽ വിവിധ മേഖലകളിൽ കഴിവു തെളിയിച്ചവരെ അദരിക്കുന്ന ചടങ്ങ് ചാലക്കര ഉസ്മാൻ ഗവ.ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ചടങ്ങിൽ സത്യൻ കേളോത്ത് അധ്യക്ഷത വഹിച്ചു. അസീസ് മാഹി മുഖ്യ ഭാഷണം നടത്തി. അഡ്വ.എ.പി അശോകൻ, കെ.വി മുരളീധരൻ മാസ്റ്റർ, കെ.വി.ഹരീന്ദ്രൻ, അലി അക്ബർ ഹാഷിം, കെ.വി സന്ദീപ് സംസാരിച്ചു.

ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ച ജനകീയ അധ്യാപകന്മാരായ ഡോ.പി.രവീന്ദ്രൻ, എം.മുസ്തഫ മാസ്റ്റർ എന്നിവരേയും പുതുച്ചേരി സർക്കാരിന്റെ വിവിധ മേഖലകളിൽ കലൈമാമണി അവാർഡ് കരസ്ഥമാക്കിയ സാഹിത്യകാരൻമാരായ ചാലക്കര പുരുഷു, ഉത്തമരാജ് മാഹി, ആർട്ടിസ്റ്റ് കെ.പ്രേമൻ, നർത്തകിമാരായ കെ.രേണുക വേണുഗോപാൽ, സി.എ ദിവ്യ പ്രീതേഷ് എന്നിവരെയാണ് ആദരിച്ചത്.

കുവൈറ്റ് ഹ്യൂണ്ടായ് മോട്ടേഴ്സ് കമ്പനി ജീവനക്കാരനും കൊല്ലം ജില്ലാ പ്രവാസി സമാജം കുവൈറ്റ് സംഘടന സെക്രട്ടറിയുമായ വർഗ്ഗീസ് വൈദ്യന് കെ.ജെ.പി.എസ് നൽകിയ യാത്രയയപ്പിൽ നിന്ന്

വർഗ്ഗീസ് വൈദ്യന് കെ. ജെ. പി. എസ് സമുചിതമായ യാത്രയയപ്പ് നൽകി

കുവൈറ്റ് സിറ്റി: 40 വർഷത്തെ പ്രവാസ ജീവിതമവസാനിപ്പിച്ച് ജന്മനാട്ടിലേക്ക് മടങ്ങുന്ന തേവലക്കര സ്വദേശിയും കുവൈറ്റ് ഹ്യൂണ്ടായ് മോട്ടേഴ്സ് കമ്പനി ജീവനക്കാരനും കൊല്ലം ജില്ലാ പ്രവാസി സമാജം കുവൈറ്റ് സംഘടന സെക്രട്ടറിയുമായ വർഗ്ഗീസ് വൈദ്യന് സമാജം സമുചിതമായ യാത്രയയപ്പ് നൽകി.

പ്രസിഡന്റ് അലക്സ് മാത്യുവിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജനറൽ സെക്രട്ടറി ബിനിൽ ടി.ഡി. സ്വാഗതം പറഞ്ഞു. രക്ഷാധികാരികളായ ജേക്കബ്ബ് ചണ്ണപ്പെട്ട, സലിം രാജ്, സെക്രട്ടറി റെജി മത്തായി, യൂണിറ്റ് കൺവീനർമാരായ ഷാജി ശാമുവൽ, അബ്ദുൽ വാഹിദ്, വർഗ്ഗീസ് ഐസക്ക് , താരിഖ് അഹമ്മദ്, വനിത വേദി ചെയർപെഴ്സൺ രഞ്ജന ബിനിൽ, സെക്രട്ടറി റീനി ബിനോയ്, എക്സിക്യൂട്ടീവ് അംഗം രാജിമോൾ സുജിത്ത്, സെൻട്രൽ കമ്മറ്റി അംഗങ്ങളായ സജിമോൻ, ലാജി എബ്രഹാം, നൈസാം റാവുത്തർ, ഫെസ്റ്റ് കമ്മിറ്റി അംഗങ്ങളായ മാത്യൂ യോഹന്നാൻ , ജോയ് തോമസ് എന്നിവർ ആശംസകൾ നേർന്നു. സമാജത്തിന്റെ ഉപഹാരം ജേക്കബ്ബ് ചണ്ണപ്പെട്ട വർഗ്ഗീസ് വൈദ്യനു നൽകി. വർഗ്ഗീസ് വൈദ്യൻ മറുപടി പ്രസംഗം നടത്തി. ആക്ടിംഗ് ട്രഷറർ സലിൽ വർമ്മ നന്ദി പറഞ്ഞു.

'വിഷുപ്പതിപ്പ് 2023' കഥകളും കവിതകളും; ചർച്ച നടത്തി

കോഴിക്കോട്: മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ 'വിഷുപ്പതിപ്പ് 2023 കഥകളും കവിതകളും ചർച്ച നടത്തി'. കാലിക്കറ്റ് ബുക്ക് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ചർച്ച കഥാകൃത്ത് ജയചന്ദ്രൻ നെത്രമംഗലത്ത് ഉദ്ഘാടനം ചെയ്തു. വർത്തമാന കാലത്തിന്റെ വിശ്വാസരാഹിത്യത്തെയും, നൃശംസതയെയും തുറന്ന് കാട്ടുന്നതാണ് സമ്മാനാർഹമായ കഥകൾ എന്ന് ഹരീന്ദ്രനാഥ് എ.എസ് പറഞ്ഞു. യുദ്ധത്തിന്റെ കെടുതികളും സ്ത്രീ ജീവിതത്തിന്റെ ആകുലതകളും സൂക്ഷ്മമായി വിശകലനം ചെയ്യുന്നവയാണ് കവിതകളെന്ന് ഡോ.വിനീഷ് എ.കെ കൂട്ടിച്ചേർത്തു. ഐസക് ഈപ്പൻ, ഡോ.എൻ.എം.സണ്ണി, മോഹനൻ പുതിയോട്ടിൽ, വയലപ്ര ഹരിദാസൻ നമ്പ്യാർ എന്നിവർ സംസാരിച്ചു.

മാട്രിക്സ് പാർട്ണർ കണക്ട് സംഘടിപ്പിച്ചു

കോഴിക്കോട്: രാജ്യത്തെ മുൻനിര സെക്യൂരിറ്റി ആൻഡ് ടെലികോം ലാൻഡ് സ്കേപ്പ് കമ്പനിയായ മാട്രിക്സ് പാർട്ണർ കണക്ട് സംഘടിപ്പിച്ചു. ഹോട്ടൽ അപ്പോളോ ഡിമോറയിൽ നടന്ന പരിപാടിയിൽ മാട്രിക്സ് പ്രൊഡക്ട്സ് ആന്റ് ടെക്നോളജി വൈസ് പ്രസിഡന്റ് ദേവാനന്ദ് നായർ, മാട്രിക്സിന്റെ ഓൾ കേരള ഡിസ്ട്രിബ്യൂട്ടറും വാലൻസ് ടെക്നോളജീസ് പ്രൊപ്രൈറ്ററുമായ ബാലുജി നായർ എന്നിവർ പങ്കെടുത്തു. 30 വർഷത്തോളമായി ഗുജറാത്തിലെ വഡോദരയിൽ പ്രവർത്തിക്കുന്ന കമ്പനി ടെലികോം, ഐ.ടി വീഡിയോ സർവയലൻസ്, ആക്സസ് കൺട്രോൾ ടൈം അറ്റൻഡൻസ് എന്നീ മൂന്ന് സെക്ടറിലാണ് പ്രവർത്തിക്കുന്നതെന്ന ് ദേവാനന്ദ് നായർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഇന്ത്യക്കകത്തും അമ്പതോളം വിദേശ രാജ്യങ്ങളിലും കമ്പനിയുടെ പ്രോഡക്ടുകൾ വിപണിയിലുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, കോർപറേറ്റ് കമ്പനികൾ, മറ്റു കമ്പനികൾക്കും മാട്രിക്സ പ്രോഡക്ട് നൽകുന്നുണ്ട്. കാളിറ്റിയുള്ളതും ഡ്യൂറബിളുമായ പ്രോഡക്ടുകൾ രാജ്യത്തിനകത്തും വിദേശരാജ്യങ്ങളിലും എത്തിക്കുകയെന്നതാണ് കമ്പനിയുടെ ലക്ഷ്യം. പാർട്ണർ കണക്കിൽ മാട്രിക്സിന്റെ ഏറ്റവും പുതിയ ഉൽപ്പന്നങ്ങളുടെ പ്രദർശനവും നടന്നു. ഐ.എസ്.ഒ സർട്ടിഫിക്കറ്റും തദ്ദേശീയ ഗവേഷണ വികസനത്തിനും നിർമാണത്തിനുമായി ക്യു.ഇ.ഡി കാളിറ്റി സർട്ടിഫിക്കേഷനും ഡി.എസ്.ഐ.ആർ സർട്ടിഫിക്കേഷനു മുള്ള കമ്പനിയാണ് മാട്രിക്സെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

മാട്രിക്സ് പാർട്ണർ കണക്കുമായി ബന്ധപ്പെട്ട് വിളിച്ചു ചേർത്ത വാർത്താസമ്മേളനത്തിൽ നിന്ന്

രചനകൾ ഏറ്റുവാങ്ങി

കോഴിക്കോട്: പ്രവാസിരിവ്യൂ മാഗസിന്റെ 10ാം വാർഷികത്തോടനുബന്ധിച്ച് 10ാം വാർഷിക പതിപ്പിലേക്ക് ഭാഷാസമന്വയ വേദി അംഗങ്ങൾ മൊഴിമാറ്റം നടത്തിയ വ്യത്യസ്ത ഭാരതീയ ഭാഷകളിലെ കഥകൾ ('ഏകരാഷ്ട്രം അനേക കഥകൾ') പ്രശസ്ത എഴുത്തുകാരൻ വി.ആർ സുധീഷ്, പീപ്പിൾസ് റിവ്യൂ-പ്രവാസിരിവ്യൂ പത്രാധിപർ പി.ടി നിസാറിന് കൈമാറി. ഡോ. ആർസു, ടി.ഡി രാമകൃഷ്ണൻ, ഡോ. ആസാദ്, വേലായുധൻ പള്ളിക്കൽ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

പ്രവാസിരിവ്യൂ മാഗസിന്റെ 10ാം വാർഷികത്തോടനുബന്ധിച്ച് 10ാം വാർഷിക പതിപ്പിലേക്ക് 'ഏകരാഷ്ട്രം അനേക കഥകൾ' വി.ആർ സുധീഷ്, പീപ്പിൾസ് റിവ്യൂ-പ്രവാസിരിവ്യൂ പത്രാധിപർ പി.ടി നിസാറിന് കൈമാറുന്നു. ഡോ.ആർസു സമീപം

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.